سورة الرّوم

30. സൂറതുർറൂം

മക്കഃയിൽ അവതരിച്ചത് – വചനങ്ങൾ 60 – വിഭാഗം (റുകൂഉ്) 6

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓمٓ ﴿١﴾

《1》 'അലിഫ്-ലാം-മീം.'

غُلِبَتِ ٱلرُّومُ ﴿٢﴾

《2》 റോമക്കാർ പരാജയപ്പെടുത്തപ്പെട്ടിരിക്കുന്നു:-

فِيٓ أَدۡنَى ٱلۡأَرۡضِ وَهُم مِّنۢ بَعۡدِ غَلَبِهِمۡ سَيَغۡلِبُونَ ﴿٣﴾

《3》 അടുത്ത നാട്ടിൽ അവർ, തങ്ങളുടെ (ഈ) പരാജയത്തിനുശേഷം അടുത്ത് വിജയം നേടുകയും ചെയ്യും;-

فِي بِضۡعِ سِنِينَۗ لِلَّهِ ٱلۡأَمۡرُ مِن قَبۡلُ وَمِنۢ بَعۡدُۚ وَيَوۡمَئِذٖ يَفۡرَحُ ٱلۡمُؤۡمِنُونَ ﴿٤﴾

《4》 ചില്ലറ കൊല്ലങ്ങൾക്കുള്ളിൽ മുമ്പും, പിമ്പും ആജ്ഞാധികാരം അല്ലാഹുവിന്നത്രെ. അന്നത്തെ ദിവസം, സത്യവിശ്വാസികൾ സന്തോഷം കൊള്ളുന്നതാകുന്നു;-

بِنَصۡرِ ٱللَّهِۚ يَنصُرُ مَن يَشَآءُۖ وَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿٥﴾

《5》 അല്ലാഹുവിന്റെ സഹായത്താൽ അവൻ ഉദ്ദേശിക്കുന്നവരെ അവൻ സഹായിക്കുന്നു. അവൻ തന്നെയാണ് കരുണാനിധിയായ പ്രതാപശാലി.

《6》 അല്ലാഹുവിന്റെ വാഗ്ദത്തം!

وَعْدَ ٱللَّهِ ۖ لَا يُخْلِفُ ٱللَّهُ وَعْدَهُۥ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٦﴾

അല്ലാഹു അവന്റെ വാഗ്ദത്തത്തിന് വ്യത്യാസം ചെയ്യുന്നതല്ല. പക്ഷേ, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

﴾1﴿ الم അലിഫ്-ലാം-മീം ﴾2﴿ غُلِبَتِ ജയിക്കപ്പെട്ടു, പരാജയപ്പെടുത്തപ്പെട്ടു الرُّومُ റോമാ, റോമക്കാർ ﴾3﴿ فِي أَدْنَى الْأَرْضِ അടുത്ത ഭൂമിയിൽ (നാട്ടിൽ) وَهُمْ അവർ مِنۢ بَعْدِ غَلَبِهِمْ അവരെ ജയിച്ചതി (അവരുടെ പരാജയത്തി) നുശേഷം سَيَغْلِبُونَ വഴിയെ (അടുത്ത്) അവർ വിജയിക്കും ﴾4﴿ فِي بِضْعِ سِنِينَ ചില്ലറ (സ്വൽപം) കൊല്ലങ്ങളിൽ لِلَّهِ അല്ലാഹുവിനാണ് الْأَمْرُ ആജ്ഞ, അധികാരം, കാര്യം مِن قَبْلُ മുമ്പ് وَمِنۢ بَعْدُ പിമ്പും وَيَوْمَئِذٍ അന്ന്, ആ ദിവസം يَفْرَحُ സന്തോഷംകൊള്ളും الْمُؤْمِنُونَ സത്യവിശ്വാസികൾ ﴾5﴿ بِنَصْرِ اللَّهِ അല്ലാഹുവിന്റെ സഹായത്താൽ يَنصُرُ അവൻ സഹായിക്കും, രക്ഷിക്കും مَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَهُوَ അവൻ തന്നെ الْعَزِيزُ പ്രതാപശാലി الرَّحِيمُ കരുണാനിധി ﴾6﴿ وَعْدَ اللَّهِ അല്ലാഹുവിന്റെ വാഗ്ദത്തം لَا يُخْلِفُ اللَّهُ അല്ലാഹു വ്യത്യാസം (ലംഘനം) ചെയ്കയില്ല وَعْدَهُ തന്റെ വാഗ്ദത്തത്തിന് وَلَٰكِنَّ പക്ഷേ أَكْثَرَ النَّاسِ മനുഷ്യരിൽ അധികവും, മിക്കവരും لَا يَعْلَمُونَ അവർ അറിയുന്നില്ല

വാചകഘടനയിൽ പരസ്പരബന്ധമുള്ള 2 മുതൽ 6 കൂടിയ ഈ വചനങ്ങളുടെ അർത്ഥം മൊത്തത്തിൽ ഇങ്ങിനെ സംഗ്രഹിക്കാം:-

'അടുത്ത നാട്ടിൽ വെച്ച് റോമക്കാർ പരാജയപ്പെടുത്തപ്പെട്ടിരിക്കുന്നു. തങ്ങളുടെ (ഈ) പരാജയത്തിനുശേഷം, ഏതാനും (സ്വൽപം) കൊല്ലങ്ങൾക്കുള്ളിൽ അവർ വിജയം നേടുന്നതുമാണ്. മുമ്പും, പിമ്പും (എക്കാലത്തും) ആജ്ഞാധികാരം അല്ലാഹുവിന്നത്രെ. അന്ന് സത്യവിശ്വാസികൾ അല്ലാഹുവിന്റെ സഹായത്തിൽ സന്തോഷമടയുന്നതാണ്. അവൻ ഉദ്ദേശിക്കുന്നവരെ അവൻ സഹായിക്കുന്നു. അവൻ തന്നെയാണ് കരുണാനിധിയായ പ്രതാപശാലി. (ഇപ്പറഞ്ഞത്) അല്ലാഹുവിന്റെ വാഗ്ദത്തമത്രെ. അല്ലാഹു തന്റെ വാഗ്ദത്തം ലംഘിക്കുന്നതല്ല. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല'.

അടുത്ത നാട് (أَدْنَى الْأَرْضِ) എന്ന് പറഞ്ഞത് റോമാ സാമ്രാജ്യത്തിൽനിന്ന് അറേബ്യയെ തൊട്ടുകിടക്കുന്ന പ്രദേശങ്ങളാകുന്നു. അറേബ്യാ ഉപദ്വീപിന്റെ രണ്ട് അയൽരാജ്യങ്ങളായിരുന്നു റോമാ സാമ്രാജ്യവും പേർഷ്യാ സാമ്രാജ്യവും. പലപ്പോഴും അവ തമ്മിൽ ഏറ്റുമുട്ടാറുണ്ടായിരുന്നു. ഹിജ്റഃയുടെ അൽപം മുമ്പ് നടന്ന ഒരു ഏറ്റുമുട്ടലിൽ പേർഷ്യക്കാർ ജയിക്കുകയും, റോമക്കാരുടെ കീഴിലുള്ള ചില സ്ഥലങ്ങൾ അവർ കയ്യടക്കുകയും ചെയ്തു. റോമക്കാർ വേദക്കാരായ ക്രിസ്ത്യാനികളും, പേർഷ്യക്കാർ ബഹുദൈവാരാധകൻമാരുമായിരുന്നു. അതുകൊണ്ട് റോമക്കാരുടെ വിജയത്തിൽ മുസ്‌ലിംകൾക്കും, പേർഷ്യക്കാരുടെ വിജയത്തിൽ മക്കാ മുശ്‌രിക്കുകൾക്കും താൽപര്യമുണ്ടാകുക സ്വാഭാവികമാണല്ലോ. മുശ്‌രിക്കുകൾക്ക് ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള വൈരം മൂർധന്യത്തിലെത്തിയിരുന്ന അക്കാലത്ത് വിശേ

ഷിച്ചും. അങ്ങനെ, പേർഷ്യക്കാരുടെ പ്രസ്തുത വിജയം, മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വ്യസനകരമായിരുന്നു. അതേ അവസരത്തിൽ ക്വുറൈശികളിൽ അത് അഹങ്കാരവും ആവേശവും ഉളവാക്കി. 'ഞങ്ങളുടെ സഹോദരങ്ങൾ നിങ്ങളുടെ സഹോദരങ്ങളെ പരാജയപ്പെടുത്തിയതുപോലെ, ഞങ്ങൾ നിങ്ങളെയും പരാജയപ്പെടുത്തും.' എന്നിങ്ങിനെ ക്വുറൈശികൾ അഭിമാനിക്കുകയുണ്ടായി.

ഈ അവസരത്തിലാണ് മേൽകണ്ട ക്വുർആൻ വചനങ്ങൾ അവതരിച്ചത്. താൽക്കാലികമായ ആ പരാജയത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് അധികമൊന്നും ആഹ്ലാദിക്കുവാൻ വകയില്ല. അൽപം വർഷങ്ങൾക്കുള്ളിൽ ഈ പരാജയം തിരിച്ചടിക്കുകതന്നെ ചെയ്യും; അന്ന് മുസ്‌ലിംകൾക്ക് തികച്ചും സന്തോഷിക്കാം; ലോകകാര്യങ്ങളെല്ലാം അല്ലാഹുവിന്റെ നിയന്ത്രണത്തിലാണുള്ളത്. അവന്റെ യുക്തംപോലെ അവൻ അവ കൈകാര്യം ചെയ്യുന്നു; അതിൽ മറ്റാരുടെയും ഇഷ്ടത്തിനോ അനുമാനത്തിനോ സ്ഥാനമില്ല; അടുത്തകാലത്ത് റോമക്കാർ വിജയം വരിക്കുമെന്ന ഈ പ്രവചനം കേവലം ഒരു അനുമാനമോ മതിപ്പോ അല്ല; അല്ലാഹുവിങ്കൽ നിന്നുള്ള വാഗ്ദത്തമാണത്; ഒരിക്കലും അതിൽ മാറ്റം സംഭവിക്കാൻ പോകുന്നില്ല എന്നൊക്കെയാണ് ഈ വചനങ്ങൾ മുഖേന അല്ലാഹു പ്രസ്താവിക്കുന്നത്.

റോമക്കാരുടെ വിജയം ഏത് കൊല്ലത്തിലായിരിക്കുമെന്ന് തിട്ടപ്പെടുത്തിപ്പറയാതെ فِي بِضْعِ سِنِينَ (ചില്ലറ കൊല്ലങ്ങളിലായി) എന്നത്രെ അല്ലാഹു പറഞ്ഞിരിക്കുന്നത്. മൂന്നു മുതൽ ഒമ്പത് വരെയുള്ള എണ്ണത്തിനാണ് ആ വാക്ക് (بِضْع) ഉപയോഗിക്കപ്പെടുന്നത്. അപ്പോൾ ഒമ്പതുകൊല്ലം കഴിയുന്നതിന് മുമ്പേ ഈ പ്രവചനം പുലരണം. അന്നത്തെ ചുറ്റുപാടും, ഇരുരാഷ്ട്രങ്ങളുടെയും പൊതു നിലപാടുകളും നോക്കുമ്പോൾ, ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ റോമക്കാർക്ക് വിജയം കൈവരുന്ന ഒരന്തരീക്ഷം ഉണ്ടാവുക അസംഭവ്യമായാണ് ക്വുറൈശികൾ കരുതിയത്. എന്നാൽ മുസ്‌ലിംകൾക്കാകട്ടെ-ക്വുർആന്റെ വ്യക്തമായ പ്രസ്താവനയുമുണ്ടായിരിക്കെ-ഒരു നേരിയ സംശയംപോലുമുണ്ടായില്ല. അങ്ങനെ, ക്വുർആനെ നിഷേധിക്കുവാനുള്ള ഒരവസരം മുശ്‌രിക്കുകളും, അതിന്റെ സത്യത സ്ഥാപിക്കുവാൻ പുതിയൊരവസരം മുസ്‌ലിംകളും കാത്തിരിപ്പായി. അത്രയുമല്ല, മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് അബൂബക്ർ സിദ്ദീക്വും (റ) മുശ്‌രിക്കുകളുടെ ഭാഗത്തുനിന്ന് ഉബയ്യുബ്നു ഖലഫും (ابى بن خلف) തമ്മിൽ ഒരു പന്തയം തന്നെ നടക്കുകയുണ്ടായി. (*) വിജയം മുസ്‌ലിംകൾക്കാണ് ഉണ്ടായതെന്ന് പറയേണ്ടതില്ലല്ലോ. ഹുദൈബിയ്യാ സന്ധിയുണ്ടായതിന്റെ അടുത്ത്-അതിനു മുമ്പാണെന്നും അഭിപ്രായമുണ്ട്-റോമക്കാർ പേർഷ്യക്കാരെ പരാജയപ്പെടുത്തി. മുസ്‌ലിംകൾ അതിൽ സന്തോഷിക്കുകയും ചെയ്തു. അതിനു മുമ്പായി ബദ്ർ യുദ്ധത്തിൽ വെച്ച് ക്വുറൈശീ നേതാക്കൾ പലരും കൊല്ലപ്പെട്ടുപോയിരുന്നു.

ഈ വചനങ്ങളുടെ അവസാനത്തിൽ وَلَكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ (പക്ഷേ, മനുഷ്യരിൽ അധികമാളുകളും അറിയുന്നില്ല) എന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാകുന്നു. റോമായുടെയും പേർഷ്യയുടെയും അന്നത്തെ നില വെച്ചുനോക്കുമ്പോൾ അടുത്ത കാലത്തൊന്നും റോമ

(*) അന്ന് ഇസ്‌ലാമിൽ പന്തയം വിരോധിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. പന്തയം വിരോധിക്കപ്പെട്ടത് ഹിജ്റഃക്ക് ശേഷം മദീനഃയിൽ വെച്ചായിരുന്നു. പന്തയത്തിൽ പ്രതിഫലമായി നിശ്ചയിക്കപ്പെട്ടിരുന്ന ഒട്ടകങ്ങൾ നബിﷺയുടെ നിർദ്ദേശപ്രകാരം ധർമം കൊടുക്കപ്പെടുകയാണ് ചെയ്തത്. റോമക്കാരുടെ വിജയം ഉണ്ടായത് ഒമ്പതാമത്തെ കൊല്ലത്തിലാണെന്നും, ഏഴാമത്തെ കൊല്ലത്തിലാണെന്നും അഭിപ്രായങ്ങളുണ്ട്. الله اعلم

ക്കാർക്ക് വിജയം പ്രതീക്ഷിക്കുവാൻ വകയില്ലായിരുന്നു. പക്ഷേ, എല്ലാ കാര്യവും അല്ലാഹുവിന്റെ ആജ്ഞാധികാര പരിധിയിൽ മാത്രം ഉൾക്കൊള്ളുന്നതും, അവന്റെ ഉദ്ദേശ്യത്തിനും നിയന്ത്രണത്തിനും വിധേയമായതുമാണ്. ബാഹ്യമായ കാര്യകാരണബന്ധത്തിന്റെ ശൃംഖല ഇവിടെയുണ്ടെന്നുള്ളത് വാസ്തവം തന്നെ. എന്നാൽ ആ ശൃംഖലയുടെ തുടക്കവും, നീക്കവും, ഒടുക്കവും എല്ലാംതന്നെ, ആ നിയന്ത്രണത്തിൽ നിന്ന് ഒഴിവല്ല. ഒരു കാര്യത്തിന്റെ, കാരണങ്ങളുടെ ബാഹ്യമായ പട്ടിക പൂർത്തിയായിക്കഴിഞ്ഞത് കൊണ്ടു മാത്രം അക്കാര്യം സംഭവിക്കുകയില്ല. മനുഷ്യന് അദൃശ്യവും അജ്ഞാതവുമായ ചില ഉപാധികൾകൂടി സമ്മേളിക്കുമ്പോൾ മാത്രമേ അത് സംഭവിക്കുകയുള്ളൂ കാര്യകാരണ ബന്ധങ്ങൾ ഏർപ്പെടുത്തിയത്തന്നെ അല്ലാഹുവാണ്. അവക്ക് അടിസ്ഥാനവും നിദാനവുമായി മറ്റൊരു കാര്യകാരണ വ്യവസ്ഥയും അവന്റെ പക്കൽ ഉണ്ടായിരിക്കാം. എന്നിത്യാദി യാഥാർഥ്യങ്ങൾ ഗ്രഹിക്കയും, മനസ്സിലാക്കുകയും ചെയ്യുന്നവർ മനുഷ്യരിൽ തുലോം കുറവാണ്. അജ്ഞതയും ബുദ്ധികൊടുത്തു ചിന്തിക്കായ്കയുമാണതിന് കാരണം. കേവലം കണ്ണിൽകണ്ടതിനപ്പുറം മറ്റൊന്നുംതന്നെ സ്ഥിതി ചെയ്യുന്നില്ലെന്നും, മനുഷ്യന്റെ അറിവ് സമ്പൂർണമാണെന്നുമുള്ള ചിലരുടെ ധാരണയാണ് മറ്റൊരു കാരണം. മിക്ക മനുഷ്യരും ഇത്തരക്കാരാണ്. ഇവരുടെ അറിവിന്റെ പരിമിതി-അഥവാ ആകെത്തുക-അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത് നോക്കുക:-

يَعۡلَمُونَ ظَٰهِرٗا مِّنَ ٱلۡحَيَوٰةِ ٱلدُّنۡيَا وَهُمۡ عَنِ ٱلۡأٓخِرَةِ هُمۡ غَٰفِلُونَ ﴿٧﴾

《7》 ഐഹിക ജീവിതത്തിൽ നിന്നുള്ള ഒരു ബാഹ്യവശം അവർ അറിയുന്നു (അത്രമാത്രം); പരലോകത്തെ സംബന്ധിച്ച് അവരാകട്ടെ, ബോധരഹിതരാണ് താനും.

《7》 يَعۡلَمُونَ അവർ അറിയുന്നു ظَاهِرًا ഒരു ബാഹ്യവശം مِنَ الْحَيَاةِ ജീവിതത്തിൽ നിന്ന് الدُّنْيَا ഐഹികമായ, ഇഹത്തിന്റെ وَهُمْ അവരോ, അവരാകട്ടെ عَنِ الآخِرَةِ പരലോകത്തപ്പറ്റി هُمْ അവർ غَافِلُونَ ബോധരഹിതരാണ്, ശ്രദ്ധയില്ലാത്തവരാണ്

ഭക്ഷണം, പാർപ്പിടം, ധനസമ്പാദനം, സുഖഭോഗത്തിനുള്ള ഉപാധികൾ എന്നിങ്ങിനെ ഐഹികജീവിതത്തിന്റെ ചില ബാഹ്യവശങ്ങളെക്കുറിച്ചു മാത്രമേ മിക്ക ജനങ്ങൾക്കും അറിവുള്ളൂ. അവ മാത്രമാണവരുടെ ചിന്താവിഷയവും. ഈ ലോകത്ത് അല്ലാഹു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന നടപടിക്രമങ്ങളെക്കുറിച്ചോ, അതിലടങ്ങിയ യുക്തിരഹസ്യങ്ങളെക്കുറിച്ചോ, സ്വന്തം ജീവിതത്തിന്റെ സാക്ഷാൽ ലക്ഷ്യത്തെക്കുറിച്ചോ, ഭാവിയിൽ നേരിടാനിരിക്കുന്ന അവസ്ഥകളെക്കുറിച്ചോ ഒന്നുംതന്നെ അവർക്ക് എത്തുംപിടിയുമില്ല. ഐഹിക ജീവിതത്തെ സംബന്ധിച്ചിടത്തോളം ഇതാണവരുടെ നിലപാടെങ്കിൽ, പരലോകത്തെ സംബന്ധിച്ച് അവരുടെ നില എന്തായിരിക്കുമെന്ന് പറയേണ്ടതുണ്ടോ?! അങ്ങിനെ ഒരു ജീവിതത്തെപ്പറ്റി അവർക്ക് വിഭാവനം ചെയ്‌വാൻപോലും സാധിക്കുന്നില്ല. അവരതിനെപ്പറ്റി തികച്ചും അശ്രദ്ധരാകുന്നു. വാസ്തവത്തിൽ, സ്വന്തം മനസ്സാക്ഷിയോടുകൂടി അവർ അൽപമൊന്ന് ചിന്തിച്ചുനോക്കിയിരുന്നുവെങ്കിൽ തങ്ങളുടെ ഈ ഭീമമായ അബദ്ധം ഏറെക്കുറെ അവർക്ക് ബോധ്യപ്പെടുമായിരുന്നു. അല്ലാഹു പറയുന്നു:-

أَوَلَمْ يَتَفَكَّرُوا۟ فِىٓ أَنفُسِهِم ۗ مَّا خَلَقَ ٱللَّهُ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَآ إِلَّا بِٱلْحَقِّ وَأَجَلٍ مُّسَمًّى ۗ وَإِنَّ كَثِيرًا مِّنَ ٱلنَّاسِ بِلِقَآئِ رَبِّهِمْ لَكَـٰفِرُونَ ﴿٨﴾

﴿8﴾ അവർ തങ്ങളുടെ മനസ്സുകളിൽ [സ്വയം] ചിന്തിച്ചുനോക്കുന്നില്ലേ?! ആകാശങ്ങളും, ഭൂമിയും, അവ രണ്ടിനുമിടയിലുള്ളതും ന്യായമായ കാര്യത്തോടും, ഒരു നിശ്ചിത അവധിയോടും കൂടിയല്ലാതെ അല്ലാഹു സൃഷ്ടിച്ചിട്ടില്ല.

മനുഷ്യരിൽ അധികപേരും തന്നെ, തങ്ങളുടെ രക്ഷിതാവുമായി കാണുന്നതിൽ അവിശ്വസിക്കുന്നവരാണ് താനും.

﴿8﴾ أَوَلَمْ يَتَفَكَّرُوا അവർ ചിന്തിച്ചുനോക്കുന്നില്ലേ فِي أَنفُسِهِمْ അവരുടെ മനസ്സുകളിൽ, സ്വയംതന്നെ مَا خَلَقَ اللَّهُ അല്ലാഹു സൃഷ്ടിച്ചിട്ടില്ല السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും وَمَا بَيْنَهُمَا അവ രണ്ടിനുമിടയിലുള്ളതും إِلَّا بِالْحَقِّ ന്യായത്തോടുകൂടിയല്ലാതെ, മുറപ്രകാരമല്ലാതെ وَأَجَلٍ ഒരു അവധിയോടും مُسَمًّى നിർണയിക്കപ്പെട്ട, നിശ്ചിതമായ وَإِنَّ كَثِيرًا നിശ്ചയമായും അധികപേരും مِنَ النَّاسِ മനുഷ്യരിൽ നിന്ന് بِلِقَاءِ കാണുന്നതിൽ رَبِّهِمْ തങ്ങളുടെ രക്ഷിതാവുമായി لَكَافِرُونَ അവിശ്വസിക്കുന്നവർ തന്നെ

أَجَلٍ مُسَمًّى (നിശ്ചിത അവധി) എന്ന് പറഞ്ഞത് ലോകാവസാനത്തെ-അഥവാ ഖിയാമത്ത് നാളിനെ-ഉദ്ദേശിച്ചാകുന്നു. അതിനുശേഷം ഒരു പുതിയ ലോകഘടനയായിരിക്കും നിലവിൽ വരിക. ഈ ഭൂമിയും ആകാശങ്ങളുമെല്ലാം മറ്റൊരു രൂപത്തിലായി മാറ്റപ്പെടുന്നതായിരിക്കും അന്ന്. (يَوْمَ تُبَدَّلُ الْأَرْضُ غَيْرَ الْأَرْضِ وَالسَّمَاوَاتُ... - ابراهيم)

أَوَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۚ كَانُوٓا۟ أَشَدَّ مِنْهُمْ قُوَّةً وَأَثَارُوا۟ ٱلْأَرْضَ وَعَمَرُوهَآ أَكْثَرَ مِمَّا عَمَرُوهَا وَجَآءَتْهُمْ رُسُلُهُم بِٱلْبَيِّنَـٰتِ ۖ

﴿9﴾ ഭൂമിയിൽ അവർ സഞ്ചരിക്കുന്നില്ലേ? എന്നാലവർക്ക് തങ്ങളുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നെന്ന് നോക്കിക്കാണാമായിരുന്നുവല്ലോ! അവർ [മുമ്പുള്ളവർ] ഇവരെക്കാൾ ശക്തിയിൽ കേമൻമാരായിരുന്നു. അവർ ഭൂമിയെ ഉഴുതു മറി(ച്ചു കൃഷിയുണ്ടാ)ക്കുകയും, ഇവർ അതിനെ നിവാസയോഗ്യമാക്കിയതിനെക്കാൾ അവർ അതിനെ നിവാസയോഗ്യമാക്കുകയും ചെയ്തു. വ്യക്തമായ തെളിവുകളുംകൊണ്ട് അവരുടെ അടുക്കൽ അവരുടെ റസൂലുകൾ [ദൈവദൂ

തൻമാർ] ചെല്ലുകയും ചെയ്തിരുന്നു.

فَمَا كَانَ ٱللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٩﴾

എന്നാൽ, അല്ലാഹു അവരോട് (യാതൊന്നും) അനീതി പ്രവർത്തിക്കുകയുണ്ടായിട്ടില്ല. പക്ഷേ, അവർ തങ്ങളോട് തന്നെ അനീതി പ്രവർത്തിക്കുകയായിരുന്നു ചെയ്തത്.

﴾9﴿ أَوَلَمْ يَسِيرُوا അവർ സഞ്ചരിക്കുന്നില്ലേ فِي الْأَرْضِ ഭൂമിയിൽ فَيَنظُرُوا എന്നാലവർക്ക് നോക്കിക്കാണാമായിരുന്നു كَيْفَ كَانَ എങ്ങിനെ ആയിരുന്നു عَاقِبَةُ പര്യവസാനം, കലാശം الَّذِينَ مِن قَبْلِهِمْ അവരുടെ മുമ്പുള്ളവരുടെ كَانُوا അവരായിരുന്നു أَشَدَّ مِنْهُمْ ഇവരെക്കാൾ ഊക്കൻമാർ, കേമൻമാർ قُوَّةً ശക്തിയാൽ وَأَثَارُوا അവർ ഉഴുതു (ഇളക്കി) മറിക്കുകയും ചെയ്തു الْأَرْضَ ഭൂമിയെ وَعَمَرُوهَا അതിൽ നിവസിക്കയും (കുടിയിരിക്കുകയും, നിവാസയോഗ്യമാക്കുകയും) ചെയ്തു أَكْثَرَ കൂടുതൽ مِمَّا عَمَرُوهَا ഇവർ നിവസിച്ചതിനെക്കാൾ وَجَاءَتْهُمْ അവർക്ക് ചെല്ലുകയും ചെയ്തു رُسُلُهُم അവരുടെ റസൂലുകൾ بِالْبَيِّنَاتِ വ്യക്തമായ തെളിവുകളുംകൊണ്ട് فَمَا كَانَ എന്നാൽ ഉണ്ടായില്ല اللَّهُ അല്ലാഹു لِيَظْلِمَهُمْ അവരോട് അനീതി (അക്രമം) ചെയ്യുക وَلَٰكِن كَانُوا പക്ഷേ അവരായിരുന്നു أَنفُسَهُمْ തങ്ങളോട് തന്നെ يَظْلِمُونَ അവർ അനീതി ചെയ്യും

ഐഹികമായ പ്രാബല്യംകൊണ്ടും, നാഗരീകതകൊണ്ടും, ഈ മുശ്‌രിക്കുകളെക്കാൾ വളരെ കേമൻമാരായിരുന്നു ഇവരുടെ മുമ്പുണ്ടായിരുന്ന ആ സമുദായങ്ങൾ. ഇവരെക്കാളധികം കാലം അവർ ജീവിക്കുകയും, ഇവരെക്കാളധികം ഭൗതികനേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. وَمَا بَلَغُوا مِعْشَارَ مَا آتَيْنَاهُمْ - سبأ (നാം അവർക്ക് നൽകിയിട്ടുള്ളതിന്റെ പത്തിനൊന്നുകണ്ട് ഇവർ എത്തിച്ചേർന്നിട്ടില്ല.) എന്നാൽ, ദൈവദൂതൻമാർ അവരുടെ അടുക്കൽ ചെന്ന് ഉപദേശിച്ചപ്പോൾ അവരെ നിഷേധിക്കുകയും, അതുവഴി തങ്ങളോടുതന്നെ അക്രമം പ്രവർത്തിക്കുകയുമാണവർ ചെയ്തത്.

ثُمَّ كَانَ عَٰقِبَةَ ٱلَّذِينَ أَسَٰٓـُٔوا۟ ٱلسُّوٓأَىٰٓ أَن كَذَّبُوا۟ بِـَٔايَٰتِ ٱللَّهِ وَكَانُوا۟ بِهَا يَسْتَهْزِءُونَ ﴿١٠﴾

﴾10﴿ പിന്നീട്, ദുഷ്പ്രവൃത്തി ചെയ്ത (ആ) കൂട്ടരുടെ പര്യവസാനം ഏറ്റവും ദുരവസ്ഥയായിത്തീർന്നു; (അതെ) അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ അവർ വ്യാജമാക്കുകയും, അവയെപ്പറ്റി പരിഹസിച്ചുകൊണ്ടിരിക്കുകയും ചെയ്തതിനാൽ!

﴾10﴿ ثُمَّ كَانَ പിന്നീട് ആയിത്തീർന്നു عَاقِبَةَ പര്യവസാനം الَّذِينَ أَسَاءُوا ദുഷ്പ്രവൃത്തി ചെയ്തവരുടെ السُّوءَىٰ ഏറ്റവും ദുഷിച്ചത് (വലിയ ദുരവസ്ഥ) أَن كَذَّبُوا അവർ കളവാക്കിയ

തിനാൽ بِآيَاتِ اللَّهِ അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ وَكَانُوا അവരായിരുന്നു
بِهَا അവയെ, അവയെപ്പറ്റി يَسْتَهْزِؤُونَ അവർ പരിഹസിക്കും

ഏറ്റവും വലിയ ദുരവസ്ഥ (السُّوءَى) എന്ന് പറഞ്ഞത്, ഇഹത്തിൽ അവർക്ക് ബാധിച്ച നാശനഷ്ടങ്ങളും, പരലോകത്തിൽ ബാധിക്കുവാനിരിക്കുന്ന വമ്പിച്ച ശിക്ഷകളും ആകുന്നു. വരാനിരിക്കുന്ന കാര്യങ്ങൾക്ക് വന്നുകഴിഞ്ഞ കാര്യങ്ങൾ മുഖേനയും, കാണാത്ത കാര്യങ്ങൾക്ക് കണ്ടുകഴിഞ്ഞ വസ്തുതകൾ മുഖേനയുമാണല്ലോ തെളിവ് നൽകുക. ഇതനുസരിച്ച് പുനരുത്ഥാനത്തെ ആദ്യസൃഷ്ടിപ്പ് മുഖേന സ്ഥാപിച്ചുകൊണ്ട് അന്നത്തെ ദിവസം സംഭവിക്കുവാനിരിക്കുന്ന ചില ഭവിഷ്യത്തുകളെക്കുറിച്ച് അല്ലാഹു താക്കീത് നൽകുന്നു:-

വിഭാഗം - 2

ٱللَّهُ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ ثُمَّ إِلَيْهِ تُرْجَعُونَ ﴿١١﴾

﴾11﴿ അല്ലാഹു സൃഷ്ടിയെ ആദ്യമുണ്ടാക്കുന്നു; പിന്നീടത് ആവർത്തിക്കുന്നു; പിന്നീട് അവങ്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

﴾11﴿ اللَّهُ يَبْدَأُ അല്ലാഹു ആരംഭിക്കുന്നു, ആദ്യമുണ്ടാക്കുന്നു الْخَلْقَ സൃഷ്ടിയെ, സൃഷ്ടിപ്പ് ثُمَّ പിന്നീട് يُعِيدُهُ അവൻ അതിനെ ആവർത്തിക്കുന്നു, മടക്കിയുണ്ടാക്കുന്നു ثُمَّ إِلَيْهِ പിന്നീട് അവങ്കലേക്ക് തന്നെ تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു

താഴെ 27-ാം വചനവും അതിന്റെ വിവരണവും നോക്കുക.

وَيَوْمَ تَقُومُ ٱلسَّاعَةُ يُبْلِسُ ٱلْمُجْرِمُونَ ﴿١٢﴾

﴾12﴿ അന്ത്യസമയം (ലോകാവസാനഘട്ടം) നിലവിൽ വരുന്ന ദിവസം, കുറ്റവാളികൾ ആശയറ്റുപോകുന്നതാണ്.

وَلَمْ يَكُن لَّهُم مِّن شُرَكَآئِهِمْ شُفَعَٰٓؤُا۟ وَكَانُوا۟ بِشُرَكَآئِهِمْ كَٰفِرِينَ ﴿١٣﴾

﴾13﴿ തങ്ങളുടെ (ആരാധ്യൻമാരായ) പങ്കുകാരിൽനിന്ന് അവർക്ക് ശുപാർശക്കാർ ഉണ്ടായിരിക്കയുമില്ല; അവർ തങ്ങളുടെ പങ്കാളികളെത്തന്നെ നിഷേധിക്കുന്നവരായിരിക്കയും ചെയ്യും.

﴾12﴿ وَيَوْمَ تَقُومُ നിലവിൽ വരുന്ന (നിലനിൽക്കുന്ന) ദിവസം السَّاعَةُ ആ ഘട്ടം, (അന്ത്യഘട്ടം, അന്ത്യസമയം) يُبْلِسُ നിരാശപ്പെടും, ആശമുറിയും الْمُجْرِمُونَ കുറ്റവാളികൾ ﴾13﴿ وَلَمْ يَكُنْ ഉണ്ടായിരിക്കയുമില്ല لَهُمْ അവർക്ക് مِنْ شُرَكَائِهِمْ അവരുടെ പങ്കുകാരിൽനിന്ന് شُفَعَاءُ ശുപാർശക്കാർ وَكَانُوا അവർ ആകുകയും ചെയ്യും بِشُرَكَائِهِمْ അവരുടെ പങ്കുകാരെ كَافِرِينَ

നിഷേധിക്കുന്നവർ

ആരാധ്യവസ്തുക്കൾ അല്ലാഹുവിന്റെ മുമ്പിൽ തങ്ങൾക്ക് ശുപാർശ ചെയ്യുമെന്നുള്ള അവരുടെ വാദം തനി വിഡ്ഢിത്തമായിരുന്നുവെന്ന് അവർക്ക് അനുഭവപ്പെടും. അവമൂലം യാതൊരു നന്മയും ലഭിക്കുവാനില്ലെന്ന് കാണുമ്പോൾ അവയുമായുള്ള തങ്ങളുടെ ബന്ധത്തെ ത്തന്നെ അവർ നിഷേധിക്കുകയും ചെയ്യും.

وَيَوْمَ تَقُومُ ٱلسَّاعَةُ يَوْمَئِذٍ يَتَفَرَّقُونَ ﴿١٤﴾

《14》 അന്ത്യസമയം നിലവിൽ വരുന്ന ദിവസം, അന്ന് അവർ വേർപിരിയുന്നതാകുന്നു.

فَأَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَهُمْ فِى رَوْضَةٍ يُحْبَرُونَ ﴿١٥﴾

《15》 എന്നാൽ, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അവർ (സ്വർഗീയമായ) ഒരു പൂന്തോപ്പിൽ ആനന്ദംകൊള്ളുന്നതാകുന്നു.

وَأَمَّا ٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَا وَلِقَآئِ ٱلْـَٔاخِرَةِ فَأُو۟لَٰٓئِكَ فِى ٱلْعَذَابِ مُحْضَرُونَ ﴿١٦﴾

《16》 എന്നാൽ അവിശ്വസിക്കുകയും, നമ്മുടെ ലക്ഷ്യങ്ങളെയും പരലോകത്തെ കണ്ടുമുട്ടുന്നതിനെയും വ്യാജമാക്കുകയും ചെയ്തിട്ടുള്ളവരോ, അവർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരുമായിരിക്കും.

《14》 وَيَوْمَ تَقُومُ നിലവിൽ വരുന്ന ദിവസം السَّاعَةُ ആ (അന്ത്യ) സമയം يَوْمَئِذٍ അന്ന് يَتَفَرَّقُونَ അവർ വേർപിരിയും 《15》 فَأَمَّا الَّذِينَ آمَنُوا എന്നാൽ വിശ്വസിച്ചവർ وَعَمِلُوا പ്രവർത്തിക്കയും ചെയ്ത الصَّالِحَاتِ സൽക്കർമ്മങ്ങൾ فَهُمْ എന്നാലവർ فِي رَوْضَةٍ ഒരു പൂന്തോപ്പിൽ, ഉദ്യാനത്തിൽ يُحْبَرُونَ ആനന്ദം നൽകപ്പെടും, സന്തോഷമടയും 《16》 وَأَمَّا الَّذِينَ كَفَرُوا എന്നാൽ അവിശ്വസിച്ചവർ وَكَذَّبُوا കളവാക്കുകയും ചെയ്ത بِآيَاتِنَا നമ്മുടെ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ وَلِقَاءِ الْآخِرَةِ പരലോകം കണ്ടുമുട്ടുന്നതിനെയും فَأُولَٰئِكَ അക്കൂട്ടർ فِي الْعَذَابِ ശിക്ഷയിൽ مُحْضَرُونَ ഹാജരാക്കപ്പെടുന്നവരാണ്.

ഇങ്ങിനെ രണ്ടു വിഭാഗക്കാരായി മനുഷ്യവർഗം അന്ന് വേർപിരിയും. എനി നല്ലവരും ദുഷ്ടരും ഇടകലർന്നുള്ള ജീവിതം ഉണ്ടാകുകയില്ല. ഇന്നുമുതൽ അവർക്കിടയിൽ സമ്പർക്കവുമില്ല. സത്യവിശ്വാസികളും സൽക്കർമികളുമായ സജ്ജനങ്ങൾ സ്വർഗീയ പൂങ്കാവനങ്ങളിൽ പൂമൊട്ടറുത്തും, പൂമ്പട്ടുടുത്തും, സംഗീത ഗാനങ്ങളാസ്വദിച്ചും നിത്യാനന്ദം കൊള്ളും. നേരെമറിച്ച് അല്ലാഹുവിൽ അവിശ്വസിച്ചു-തൗഹീദിനെ നിഷേധിച്ചു -റസൂലിനെയും വേദഗ്രന്ഥ

ത്തെയും ധിക്കരിച്ചു- പരലോകജീവിതത്തെയും പുനഃരുത്ഥാനത്തെയും പാടെ അവഗണിച്ചു, കഴിഞ്ഞു കൂടിയിരുന്ന ദുർജ്ജനങ്ങൾ അവർണനീയമായ നരകശിക്ഷ അനുഭവിക്കുകയും ചെയ്യും. അല്ലാഹു നമ്മെയെല്ലാം സജ്ജനങ്ങളിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

فَسُبْحَٰنَ ٱللَّهِ حِينَ تُمْسُونَ وَحِينَ تُصْبِحُونَ ﴿١٧﴾

《17》 ആകയാൽ, നിങ്ങൾ (അസ്തമയ) സന്ധ്യാവേളയിലാകുമ്പോഴും, പ്രഭാതവേളയിലാകുമ്പോഴും അല്ലാഹുവിന്റെ പരിശുദ്ധതയെ പ്രകീർത്തനം [തസ്ബീഹ്] ചെയ്യുക.

وَلَهُ ٱلْحَمْدُ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَعَشِيًّا وَحِينَ تُظْهِرُونَ ﴿١٨﴾

《18》 ആകാശങ്ങളിലും ഭൂമിയിലും (എല്ലാ) സ്തുതിയും അവനു തന്നെ- സായാഹ്ന സമയത്തും, നിങ്ങൾ മധ്യാഹ്നവേളയിലാകുമ്പോഴും (പ്രകീർത്തനം ചെയ്യുക)

《17》 فَسُبْحَانَ اللهِ ആകയാൽ അല്ലാഹുവിന്റെ തസ്ബീഹ് നടത്തുക, പ്രകീർത്തനം ചെയ്യുക, പരിശുദ്ധതയെ വാഴ്ത്തുന്നു حِينَ تُمْسُونَ നിങ്ങൾ സന്ധ്യാസമയത്തിലാകുമ്പോൾ (വൈകുന്നേരം) وَحِينَ تُصْبِحُونَ നിങ്ങൾ പ്രഭാത സമയത്താകുമ്പോഴും (കാലത്തും) 《18》 وَلَهُ അവനുതന്നെ الْحَمْدُ സ്തുതി, സ്തോത്രം فِي السَّمَاوَاتِ ആകാശങ്ങളിൽ وَالْأَرْضِ ഭൂമിയിലും وَعَشِيًّا സായാഹ്നവേളയിലും, (സായം കാലത്തും) وَحِينَ تُظْهِرُونَ നിങ്ങൾ മധ്യാഹ്നവേളയിലാകുമ്പോഴും (ഉച്ചസമയത്തും)

سُبْحَانَ اللهِ(സുബ്ഹാനല്ലാഹി) എന്ന വാക്കിന് 'അല്ലാഹുവിന്റെ പരിശുദ്ധതയെ പ്രകീർത്തനം ചെയ്യുക' എന്ന് നിർദേശ രൂപത്തിലും, 'പ്രകീർത്തനം ചെയ്യുന്നു' എന്ന് വാർത്താരൂപത്തിലും അർഥം വരാവുന്നതാകുന്നു. *(*)* ഏതർഥം കല്പിച്ചാലും പ്രസ്തുത നാലു സമയങ്ങളിലും മനുഷ്യൻ അല്ലാഹുവിന്റെ സ്തുതികീർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്നാണ് ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഈ ആശയം അല്പാൽപ വ്യത്യാസത്തോടുകൂടി മറ്റു പല സ്ഥലത്തും ക്വുർആനിൽ ആവർത്തിച്ചുകാണാം. (ത്വാഹാ. 130; ഇസ്റാഉ് 78; ഇൻസാൻ 25,26 മുതലായവ നോക്കുക)

അല്ലാഹുവിന് സ്തോത്രകീർത്തനങ്ങൾ നടത്തുവാനും, അവന്റെ മഹത്വത്തെ വാഴ്ത്തു

(*)* سبحان എന്ന പദം سبح എന്ന ക്രിയയുടെ ധാതുരൂപത്തിൽ (مصدر)ആണെങ്കിലും ക്രിയയുടെയും നാമത്തിന്റെയും, അർഥത്തിലും അത് ഉപയോഗിക്കപ്പെടാറുണ്ട്. ചിലപ്പോൾ ആശ്ചര്യ (تعجب)ത്തെയും, വേറെ ചിലപ്പോൾ മഹത്വ (تعظيم)ത്തെയും കുറിക്കുകയും ചെയ്യും. എല്ലാം സന്ദർഭം കൊണ്ട് മനസ്സിലാക്കേണ്ടതാകുന്നു.

വാനും, ഏതവസരത്തിലും മനുഷ്യൻ ബാധ്യസ്ഥനത്രെ. പക്ഷേ, അവന്റെ പരിസ്ഥിതികളും ജീവിതരീതിയും കണക്കിലെടുക്കുമ്പോൾ, എല്ലാ സമയവും അതിനായി വിനിയോഗിക്കുവാൻ അവന് പ്രയാസമായിത്തീരുന്നു. അതുകൊണ്ട് ചില പ്രത്യേക സമയങ്ങളിൽ ആ കടമ നിർവ്വഹിച്ചുകൊള്ളണമെന്ന് ആജ്ഞാപിക്കപ്പെട്ടിരിക്കുകയാണ്. മനുഷ്യന്റെ സാധാരണ ദിനചര്യകളും, ജോലി സമയങ്ങളും, വിശ്രമവേളകളും പരിഗണിക്കുമ്പോഴും, അനുദിനം രാപ്പകലുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിമാറ്റങ്ങൾ പരിഗണിക്കുമ്പോഴും ആ നാല് പ്രത്യേക സമയങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് വളരെ യുക്തവും പ്രായോഗികവുമായിട്ടുണ്ടെന്ന് കാണാം.

ദൈവകീർത്തനത്തിന്റെ വിവിധ രൂപങ്ങൾ അടങ്ങുന്നതും ആരാധനാകർമങ്ങളിൽ ഏറ്റവും പ്രധാനപ്പട്ടതുമായ നിർബന്ധ നമസ്കാരങ്ങൾ ആ സമയങ്ങളിൽ തന്നെ നിർബന്ധമാക്കിയിട്ടുള്ളതും അതുകൊണ്ടുതന്നെയാണ്. 1-ാമത്തെ സമയം അസ്തമയ സന്ധ്യാവേള (حِينَ تُمْسُونَ)യാണല്ലോ. സൂര്യാസ്തമയം കഴിഞ്ഞ ഉടനെ നിർവഹിക്കേണ്ടുന്ന 'മഗ്രിബ്' നമസ്കാരവും അല്പസമയം കൂടി താമസിച്ചശേഷം പാതിരാക്കുമുമ്പായി നിർവഹിക്കേണ്ടതുള്ള 'ഇശാ' നമസ്കാരവും ഈ സമയത്താകുന്നു. 2- ാമത് പറഞ്ഞ സമയം പ്രഭാതവേള (حِينَ تُصْبِحُونَ)യാണ്. ഇതാണ് 'സ്വുബ്ഹ്' നമസ്കാരത്തിന്റെ സമയം. 3-ാമത്തേത് സായാഹ്ന(عَشِيًّا) സമയമാണ്. ഇത് 'അസ്വ്ർ' നമസ്കാരത്തിനുള്ള സമയവുമാകുന്നു. 4-ാമത്തേതു മധ്യാഹ്നവേള. (حِينَ تُظْهِرُونَ) ഇത് 'ളുഹ്റി'ന്റെ സമയവുമത്രെ. ഓരോ സമയവും നിശ്ചയിക്കപ്പെട്ടതിൽ അടങ്ങിയ യുക്തിരഹസ്യങ്ങൾ വിശദീകരിക്കുന്ന പക്ഷം അത് വളരെ ദീർഘിച്ചുപോകുന്നതാണ്.

നിർബന്ധ നമസ്കാരങ്ങൾ അഞ്ചെണ്ണമാണെന്നോ, ഓരോന്നിന്റെയും സമയവും രൂപങ്ങളും ഇന്നിന്നതാണെന്നോ ഖുർആനിൽ വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. അതേസമയത്ത് നമസ്കാരത്തിന്റെ പ്രധാന വശങ്ങൾ മുഴുവനും ഖുർആന്റെ പല ഭാഗങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്താനും. നബിﷺയുടെ ചര്യയിൽ നിന്നും വചനങ്ങളിൽ നിന്നുമാണ് നിലവിലുള്ള നമസ്കാരക്രമം മുസ്‌ലിം ലോകം അന്നു മുതൽ ഇന്നുവരെ അംഗീകരിച്ചു വന്നിട്ടുള്ളത്. വിശദാംശങ്ങളിൽ കേവലം നിസ്സാരമായ ചില അഭിപ്രായ വ്യത്യാസങ്ങൾ കാണപ്പെട്ടേക്കാമെങ്കിലും പ്രായോഗിക രംഗത്ത് എല്ലാ മുസ്‌ലിംകളും ഒരേ രൂപത്തിൽ തന്നെ അത് ആചരിച്ചുവരുന്നു. മൗലികമോ, പ്രധാനപ്പെട്ടതോ ആയ ഒരു വിഷയത്തിലും അവർക്കിടയിൽ പക്ഷാന്തരമില്ല. അവയത്രയും ഇസ്‌ലാമിൽ അനിവാര്യമായി അറിയപ്പെട്ടതത്രെ. എനി, നിർബന്ധ നമസ്കാരങ്ങളുടെ എണ്ണത്തിലോ, സമയങ്ങളിലോ പ്രത്യക്ഷരൂപത്തിലോ ഏതെങ്കിലും വിഭാഗക്കാർക്ക്- അവർ മുസ്‌ലിംകൾ എന്ന പേരിൽ അറിയപ്പെടുന്നവരാണെങ്കിലും ശരി- ഭിന്നാഭിപ്രായം കാണുന്നുണ്ടെങ്കിൽ, അവർ നബിചര്യക്കും നബിവചനങ്ങൾക്കും പൂർണമായോ, ഭാഗികമായോ സ്ഥാനം കല്പിക്കാത്തവരാണെന്ന് മനസ്സിലാക്കണം. ഇങ്ങിനെയുള്ളവർ ഇസ്‌ലാമിൽ ശരിയായ അംഗത്വം അർഹിക്കാത്തവരാണെന്ന വസ്തുത ഖുർആന്റെ അനേകം പ്രസ്താവനകളിൽ നിന്ന് വ്യക്തമായിട്ടുള്ളതുമാകുന്നു.

يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ

﴾19﴿ അവൻ നിർജീവമായതിൽ നിന്ന് ജീവിയെ പുറത്തുവരുത്തുന്നു. ജീവിയിൽ നിന്ന് നിർജീവമായതിനെയും പുറത്തുവരുത്തുന്നു.

ٱلْمَيِّتَ مِنَ ٱلْحَيِّ وَيُحْيِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ وَكَذَٰلِكَ تُخْرَجُونَ ﴿١٩﴾

ഭൂമി നിർജീവമായതിന് ശേഷം അതിനെ ജീവിപ്പിക്കുകയും ചെയ്യു ന്നു. അപ്രകാരം തന്നെ, നിങ്ങളും (മരണ ശേഷം) പുറത്ത് കൊണ്ടുവരപ്പെടും.

《19》 يُخْرِجُ അവൻ പുറത്ത് വരുത്തുന്നു الْحَيَّ ജീവിയെ, ജീവനുള്ള വസ്തുവെ مِنَ الْمَيِّتِ നിർജീവമായതിൽ നിന്ന്. وَيُخْرِجُ പുറത്തുവരുത്തുകയും ചെയ്യുന്നു الْمَيِّتَ നിർജീവമായതിനെ مِنَ الْحَيِّ ജീവനുള്ളതിൽ നിന്ന് وَيُحْيِي അവൻ ജീവിപ്പിക്കുകയും ചെയ്യുന്നു. الأَرْضَ ഭൂമിയെ بَعْدَمَوْتِهَا അതിന്റെ മരണത്തിന് (നിർജീവാവസ്ഥക്ക്) ശേഷം وَكَذَٰلِكَ അപ്രകാരം തന്നെ تُخْرَجُونَ നിങ്ങളും പുറത്തുവരുത്തപ്പെടുന്നു, വെളിക്ക് കൊണ്ടുവരപ്പെടുന്നു.

ഇന്ദ്രിയ ബീജത്തിൽ നിന്ന് മനുഷ്യൻ ഉത്ഭവിക്കുന്നു. മുട്ടയിൽ നിന്ന് പറവകൾ പുറത്തു വരുന്നു. മറിച്ച് മനുഷ്യരിൽ നിന്ന് ഇന്ദ്രിയം പുറത്തുവരുന്നു. പക്ഷിയിൽ നിന്ന് മുട്ടയും. ഇങ്ങിനെ, നിർജീവമായതിൽ നിന്ന് ജീവികളും, ജീവികളിൽ നിന്ന് നിർജീവവസ്തുക്കളും പുറത്തുവരുന്നതിന് എത്രയോ ഉദാഹരണങ്ങൾ നമുക്ക് സുപരിചിതമാണ്. ഉണങ്ങിവ രണ്ടു തരിശും, ഉപയോഗശൂന്യവുമായി കിടക്കുന്ന ഭൂമിയിൽ മഴ വർഷിച്ച ശേഷം സസ്യ ലതാദികളാൽ അത് ജീവസ്സുള്ളതും, ചൈതന്യമുള്ളതുമായി മാറുന്നു. ഇതേപ്രകാരം തന്നെ യാണ് മനുഷ്യന്റെ മരണാനന്തര സ്ഥിതിയും. അവൻ മരണമടഞ്ഞശേഷം വീണ്ടും ജീവിപ്പിക്ക പ്പെടുമെന്നും അതിൽ അസാംഗത്യമായി ഒന്നുമില്ലെന്നും ഉള്ളതിന് ഇതെല്ലാം തെളിവാണ്. മാത്രമല്ല, മനുഷ്യന്റെ ഉത്ഭവവും, അവന്റെ പ്രകൃതിയും, മറ്റു പലതും അതിന് തെളിവു നൽകുന്നു. നോക്കുക:-

വിഭാഗം - 3

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَكُم مِّن تُرَابٍ ثُمَّ إِذَآ أَنتُم بَشَرٌ تَنتَشِرُونَ ﴿٢٠﴾

《20》 അവന്റെ ദൃഷ്ടാന്തങ്ങളിൽപെ ട്ടതാണ്, മണ്ണിൽ നിന്ന് നിങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നത്. പിന്നീട് നിങ്ങളതാ (ഭൂമിയിൽ) വ്യാപിച്ചുകൊ ണ്ടിരിക്കുന്ന മനുഷ്യരായിരിക്കുന്നു!

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا لِّتَسْكُنُوٓا۟ إِلَيْهَا

《21》 അവന്റെ ദൃഷ്ടാന്തങ്ങളിൽപെ ട്ടതുതന്നെയാണ്, നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ (ഭാര്യ മാരെ) അവൻ സൃഷ്ടിച്ചു തന്നിട്ടു ള്ളതും. നിങ്ങൾ അവരുടെ അടുക്കൽ സമാ ധാനമടയുവാൻ വേണ്ടി.

وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٢١﴾

നിങ്ങൾക്കിടയിൽ അവൻ സ്നേഹബന്ധവും, കാരുണ്യവും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. നിശ്ചയമായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

وَمِنْ آيَاتِهِ خَلْقُ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافُ أَلْسِنَتِكُمْ وَأَلْوَانِكُمْ ۚ

﴾22﴿ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതുതന്നെയാണ്, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതും, നിങ്ങളുടെ ഭാഷകളും, നിങ്ങളുടെ വർണങ്ങളും വ്യത്യസ്തമായിരിക്കുന്നതും.

إِنَّ فِي ذَٰلِكَ لَآيَاتٍ لِّلْعَالِمِينَ ﴿٢٢﴾

നിശ്ചയമായും, അറിവുള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

﴾20﴿ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് أَنْ خَلَقَكُم നിങ്ങളെ അവൻ സൃഷ്ടിച്ചത് مِنْ تُرَابٍ മണ്ണിൽ നിന്ന് ثُمَّ പിന്നീട് إِذَا أَنتُم നിങ്ങളതാ, എന്നിട്ട് നിങ്ങൾ بَشَرٌ മനുഷ്യർ (ആയിരിക്കുന്നു) تَنتَشِرُونَ വ്യാപിച്ചുകൊണ്ടിരിക്കുന്ന, പരന്നുകിടക്കുന്ന ﴾21﴿ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് أَنْ خَلَقَ അവൻ സൃഷ്ടിച്ചിരിക്കുന്നത് لَكُم നിങ്ങൾക്ക് مِنْ أَنفُسِكُمْ നിങ്ങളിൽ നിന്ന് തന്നെ (നിങ്ങളുടെ വർഗത്തിൽ നിന്ന്) أَزْوَاجًا ഇണകളെ (ഭാര്യമാരെ) لِتَسْكُنُوا നിങ്ങൾ സമാധാനപ്പെടുവാൻ, അടങ്ങുവാൻ إِلَيْهَا അവരിലേക്ക് (അവരുടെ അടുക്കൽ) وَجَعَلَ അവൻ ആക്കുക (ഏർപ്പെടുത്തുക)യും ചെയ്തു بَيْنَكُم നിങ്ങൾക്കിടയിൽ مَوَدَّةً സ്നേഹബന്ധം وَرَحْمَةً കരുണയും إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِقَوْمٍ ഒരു ജനതക്ക് يَتَفَكَّرُونَ ചിന്തിക്കുന്ന ﴾22﴿ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടത് തന്നെ خَلْقُ السَّمَاوَاتِ ആകാശങ്ങളെ സൃഷ്ടിച്ചത് وَالْأَرْضِ ഭൂമിയെയും وَاخْتِلَافُ വ്യത്യാസപ്പെട്ടതും أَلْسِنَتِكُمْ നിങ്ങളുടെ ഭാഷകൾ وَأَلْوَانِكُمْ നിങ്ങളുടെ വർണങ്ങളും إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِلْعَالِمِينَ അറിവുള്ളവർക്ക്

ഇവിടെ 'ലാമി' നു അകാരം (فتح) കൊടുത്തു, (عالمين) എന്നും വായനയുണ്ട്. അപ്പോൾ, 'ലോകർക്ക് ദൃഷ്ടാന്തങ്ങളുണ്ട്' എന്ന് അർഥമായിരിക്കും.

ഒരേ മാതാപിതാക്കളിൽനിന്ന് ഉത്ഭവിച്ച മനുഷ്യൻ പെറ്റുപെരുകി ഇന്ന് ഭൂലോകം മുഴുവനും വ്യാപിച്ചു കിടക്കുന്നു. ഇതിനിടയ്ക്ക് എത്രയെത്ര കോടി മനുഷ്യൻ മൺമറഞ്ഞുപോയിരിക്കുമെന്ന് അല്ലാഹുവിനേ അറിഞ്ഞുകൂടൂ. ഇവരെല്ലാവരും മനുഷ്യപ്രകൃതിയിലും, ആകൃതിയിലും യോജിക്കുന്നുവെങ്കിലും വ്യക്തികളുടെ രൂപത്തിലും, ശബ്ദത്തിലും, ഭാഷണ

ശൈലിയിലും വ്യത്യസ്തരായിരിക്കും. അതുപോലെതന്നെ, കറുത്തവർ, വെളുത്തവർ എന്നിങ്ങനെയുള്ള വർഗത്തിൽപ്പെട്ടവരെന്ന് പറയപ്പെടുന്ന വ്യക്തികൾപോലും പരസ്പരം വർണവ്യത്യാസമുള്ളവരാണ്. എനി രൂപങ്ങൾ നോക്കുകയാണെങ്കിൽ, ഒരാളെപ്പോലെ മറ്റൊരാളില്ലതന്നെ. അതുകൊണ്ടാണ് മനുഷ്യർ തമ്മിൽ തമ്മിൽ തിരിച്ചറിയുന്നതും. എല്ലാവരും എല്ലാ വിഷയത്തിലും തികച്ചും സാമ്യമുള്ളവരായിരുന്നുവെങ്കിൽ ലോകത്ത് നേരിടാവുന്ന ബുദ്ധിമുട്ടുകൾ വിവരിക്കുവാൻ പ്രയാസമത്രെ. ആദ്യമനുഷ്യൻ സംസാരിച്ച ഭാഷ തന്നെയായിരിക്കണം അദ്ദേഹത്തിന്റെ ആദ്യസന്തതികളും സംസാരിച്ചിരിക്കുക. എന്നാൽ പിന്നീട് സന്താനപരമ്പരകൾ വർധിച്ചതോടുകൂടി കാലാന്തരത്തിൽ ഭാഷകളും വർധിച്ചുവന്നു. ഇന്ന് ഭൂമിയിൽ അയ്യായിരത്തിൽപരം മനുഷ്യഭാഷകൾ ഉപയോഗിക്കപ്പെടുന്നുവത്രെ. *(*)* ഇവരെയെല്ലാം ഈ വിധം സൃഷ്ടിച്ച് കൈകാര്യം നടത്തിവരുന്ന സ്രഷ്ടാവ് പരമശക്തനും, അതിമഹാനുംതന്നെ! മനുഷ്യരിൽ മാത്രം നിലകൊള്ളുന്നതും, പ്രഥമദൃഷ്ട്യാ എല്ലാവർക്കും കണ്ടറിയാവുന്നതുമായ ഇത്തരം വസ്തുതകൾ - ഓരോന്നും - അവന്റെ ശക്തിമാഹാത്മ്യങ്ങൾക്ക് തെളിവല്ലയോ? നിശ്ചയമായും അതെ.

وَمِنْ ءَايَـٰتِهِۦ مَنَامُكُم بِٱلَّيْلِ وَٱلنَّهَارِ وَٱبْتِغَآؤُكُم مِّن فَضْلِهِۦٓ ۚ

﴾23﴿ അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതുതന്നെയാണ്, നിങ്ങൾ രാത്രിയും, പകലും ഉറങ്ങുന്നതും, അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ (ഉപജീവനമാർഗം) അന്വേഷിക്കുന്നതും.

إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَسْمَعُونَ ﴿٢٣﴾

നിശ്ചയമായും, അതിൽ കേൾക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

وَمِنْ ءَايَـٰتِهِۦ يُرِيكُمُ ٱلْبَرْقَ خَوْفًا وَطَمَعًا وَيُنَزِّلُ مِنَ ٱلسَّمَآءِ مَآءً فَيُحْىِۦ بِهِ ٱلْأَرْضَ بَعْدَ مَوْتِهَآ ۚ

﴾24﴿ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതുതന്നെയാണ്. (നിങ്ങൾക്ക്) ഭയപ്പാടും പ്രത്യാശയുമായിക്കൊണ്ട് അവൻ നിങ്ങൾക്ക് മിന്നൽ കാണിച്ചുതരുന്നതും; ആകാശത്ത്നിന്ന് വെള്ളം ഇറക്കി അത് മൂലം ഭൂമിയെ-അതിന്റെ നിർജ്ജീവാവസ്ഥക്കു ശേഷം- ജീവിപ്പിക്കുന്നതും.

(*) യൂറോപ്പിൽ ഏറെക്കുറെ 580 ഉം, ഏഷ്യയിൽ 900 ഉം, ആഫ്രിക്കയിൽ 275 ഉം, അമേരിക്കയിൽ 1600 ഉം, ഭാഷകളുണ്ടെന്ന് കാണുന്നു. ഇന്ത്യയിലും പാക്കിസ്ഥാനിലും 200 ഓളം ഭാഷകളാണുള്ളത്. വനവാസികളും, മരുഭൂവാസികളും അവർക്കിടയിൽ ഉപയോഗിക്കുന്ന പല ഭാഷകളു, ഉപഭാഷകളും ഇതിന് പുറമെയും!

إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَعْقِلُونَ ﴿٢٤﴾

നിശ്ചയമായും, ബുദ്ധികൊടുക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

﴾23﴿ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് مَنَامُكُم നിങ്ങളുടെ ഉറക്ക് بِاللَّيْلِ രാത്രിയിൽ وَالنَّهَارِ പകലും وَابْتِغَاؤُكُم നിങ്ങൾ അന്വേഷിക്കുന്നതും مِنْ فَضْلِهِ അവന്റെ അനുഗ്രഹത്തിൽ നിന്ന് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِقَوْمٍ ഒരു ജനതക്ക് يَسْمَعُونَ കേൾക്കുന്ന. ﴾24﴿ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് يُرِيكُمُ അവൻ നിങ്ങൾക്ക് കാണിച്ച് തരുന്നുവെന്നത് الْبَرْقَ മിന്നൽ خَوْفًا ഭയപ്പാടായിക്കൊണ്ട്, ഭയത്തിന്നായി وَطَمَعًا പ്രത്യാശയായും, ആശക്കും وَيُنَزِّلُ അവൻ ഇറക്കുന്നുവെന്നതും مِنَ السَّمَاءِ ആകാശത്തുനിന്ന് مَاءً വെള്ളം فَيُحْيِي എന്നിട്ടവൻ ജീവിപ്പിക്കുന്നു بِهِ അതുകൊണ്ട്, അതുമൂലം الْأَرْضَ ഭൂമിയെ بَعْدَ مَوْتِهَا അതിന്റെ മരണത്തിന് (നിർജീവതക്ക്) ശേഷം إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ, ലക്ഷ്യങ്ങൾ لِقَوْمٍ يَعْقِلُونَ ബുദ്ധികൊടുക്കുന്ന (മനസ്സിരുത്തുന്ന) ജനങ്ങൾക്ക്

മിന്നലേറ്റു അപായം പിണഞ്ഞേക്കുമോ എന്ന ഭയവും, അതോടൊപ്പം മഴ പെയ്തേക്കുമെന്ന പ്രതീക്ഷയുമാണ് 'ഭയപ്പാടും പ്രത്യാശയുമായിക്കൊണ്ട്' (خَوْفًا وَطَمَعًا) എന്ന്പറഞ്ഞതിന്റെ താൽപര്യം. ആകാശഭൂമികൾക്കിടയിലും മനുഷ്യർക്കിടയിലും നിത്യേന നടന്നുകൊണ്ടിരിക്കുന്ന വിവിധ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഓർമപ്പെടുത്തിയശേഷം പ്രപഞ്ചത്തിന്റെ ഒന്നാകെയുള്ള നിലനിൽപിനെക്കുറിച്ചും ചിന്തിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് അവയിൽ നിന്നെല്ലാം സ്പഷ്ടമായി മനസ്സിലാക്കാവുന്ന ചില യാഥാർഥ്യങ്ങൾ അടുത്ത വചനങ്ങളിൽ അല്ലാഹു മനുഷ്യന്റെ മുമ്പിൽ വെക്കുന്നു. കഴിഞ്ഞ നാല് വചനങ്ങളുടെയും അവസാനത്തെ വാക്യങ്ങൾ പ്രത്യേകം ഒന്ന് ശ്രദ്ധിച്ചു നോക്കുക. മേൽ പ്രസ്താവിച്ച ഓരോ ദൃഷ്ടാന്തത്തിലും അടങ്ങിയ പാഠങ്ങൾ മനസ്സിലാക്കുവാനും, അവയുടെ അടിസ്ഥാനത്തിൽ ജീവിതം നയിക്കുവാനും സാധിക്കേണമെങ്കിൽ ചില ഉപാധികൾ ആവശ്യമാണെന്ന് അവ ചൂണ്ടിക്കാട്ടുന്നു. അതെ, മനുഷ്യൻ ചിന്തിക്കണം, അവന് അറിവുണ്ടായിരിക്കണം, പറയുന്ന കാര്യം അവൻ ശ്രദ്ധ കൊടുത്തു കേൾക്കണം, ബുദ്ധി ഉപയോഗപ്പെടുത്തുകയും വേണം. ഇല്ലാത്തപക്ഷം മനുഷ്യനും ആടുമാടുകളും തമ്മിൽ വ്യത്യാസമില്ലതന്നെ. അല്ല, അവയെക്കാൾ മോശക്കാരനായിരിക്കും മനുഷ്യൻ. (أُولَٰئِكَ كَالْأَنْعَامِ بَلْ هُمْ أَضَلُّ - الاعراف :١٧٩)

وَمِنْ ءَايَٰتِهِۦٓ أَن تَقُومَ ٱلسَّمَآءُ وَٱلْأَرْضُ بِأَمْرِهِۦ ۚ ثُمَّ إِذَا دَعَاكُمْ

﴾25﴿ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടത് തന്നെയാണ്, അവന്റെ കല്പന പ്രകാരം ആകാശവും ഭൂമിയും നിലനിന്നു വരുന്നതും, പിന്നീട് ഭൂമിയിൽ നിന്ന് നിങ്ങളെ അവൻ ഒരൊറ്റ വിളി

دَعۡوَةٗ مِّنَ ٱلۡأَرۡضِ إِذَآ أَنتُمۡ تَخۡرُجُونَ ﴿٢٥﴾

വിളിച്ചാൽ അപ്പോൾ നിങ്ങളതാ, പുറത്തുവരുന്നതാണ്!

وَلَهُۥ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ كُلّٞ لَّهُۥ قَٰنِتُونَ ﴿٢٦﴾

《26》 ആകാശങ്ങളിലും, ഭൂമിയിലുമുള്ളവർ (മുഴുവനും) അവന്റേതാകുന്നു; എല്ലാവരും അവന് കീഴടങ്ങുന്നവരത്രെ.

《25》 وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതുതന്നെ أَنْ تَقُومَ നിലനിൽക്കുന്നത് السَّمَاءُ ആകാശം وَالْأَرْضُ ഭൂമിയും بِأَمْرِهِ അവന്റെ കൽപനപ്രകാരം ثُمَّ പിന്നീട് إِذَا دَعَاكُمْ അവൻ നിങ്ങളെ വിളിച്ചാൽ دَعْوَةً ഒരു വിളി مِنَ الْأَرْضِ ഭൂമിയിൽ നിന്ന് إِذَا أَنْتُمْ അപ്പോൾ നിങ്ങളതാ تَخْرُجُونَ പുറത്ത് വരുന്നു. 《26》 وَلَهُ അവന്നുള്ളതാണ് مَنْ فِي السَّمَاوَاتِ ആകാശങ്ങളിലുള്ളവർ وَالْأَرْضِ ഭൂമിയിലും كُلٌّ എല്ലാവരും لَهُ അവന് قَانِتُونَ കീഴൊതുങ്ങിയവരാണ്, കീഴടങ്ങുന്നവരാണ്.

യാതൊരു തൂണും, പിടിയും, കൂടാതെ ഈ മഹാപ്രപഞ്ചം അതിന്റേതായ ചിട്ടയും വ്യവസ്ഥയും അനുസരിച്ച് കറങ്ങിക്കൊണ്ടിരിക്കുന്നു. ഭൂമി ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു. മേഘവും വായുവും അതിനുമീതെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ചന്ദ്രൻ അതിനു ചുറ്റും തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഇവയെല്ലാം ചേർന്നു- മറ്റു ചില ഉപഗ്രഹങ്ങളെപ്പോലെ- സൂര്യ ഗോളത്തെ വൃത്തം വെച്ചുകൊണ്ടിരിക്കുന്നു. സൂര്യനും, സൂര്യകുടുംബവും ചേർന്നു ആയിരക്കണക്കിലുള്ള ഇതര സൂര്യകുടുംബങ്ങളോടൊപ്പം വേറെ ഏതോ അതിബൃഹത്തായ ചില ഉന്നങ്ങളിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. ഓരോന്നിലും സ്ഥിതി ചെയ്യുന്ന വസ്തുക്കളുടെ സൃഷ്ടി രഹസ്യങ്ങളെയോ, അതതിൽ നടമാടിക്കൊണ്ടിരിക്കുന്ന നിത്യസംഭവങ്ങളെയോ സംബന്ധിച്ചും സ്വന്തം പാർപ്പിടമായ ഭൂമിയെക്കുറിച്ചും അല്പജ്ഞനായ മനുഷ്യന് ഒരു എത്തുംപിടിയുമില്ലതന്നെ. ഒരു വിഘ്നവും പറ്റാതെ ഇതെല്ലാം വ്യവസ്ഥാപിതമായ നിലയിൽ സൃഷ്ടിച്ചു നിലനിർത്തി നിയന്ത്രിച്ചുപോരുന്ന സ്രഷ്ടാവ്, കേവലം നിസ്സാരമായ ഈ ഭൂമിയുടെ നിശ്ചിത കാലാവധി എത്തുമ്പോൾ, അതിലെ നിവാസികളെ ആകമാനം നശിപ്പിക്കുകയും അനന്തരം അവനുദ്ദേശിക്കുമ്പോൾ ഒരൊറ്റ വിളി വിളിച്ചു അവരെയെല്ലാം അവന്റെ മുമ്പിൽ ഹാജരാക്കുകയും ചെയ്യുന്നു.

إِن كَانَتْ إِلَّا صَيْحَةً وَاحِدَةً فَإِذَا هُمْ جَمِيعٌ لَّدَيْنَا مُحْضَرُونَ - يس : ٥٣

(അത് ഒരൊറ്റ അട്ടഹാസമല്ലാതെ-മറ്റൊന്നും ആയിരിക്കില്ല. അപ്പോഴേക്കും അവർ മുഴുവനും തന്നെ നമ്മുടെ അടുക്കൽ ഹാജരാക്കപ്പെടുന്നവരായിരിക്കും)

അല്ലാഹുവിന്റെ നിയമനിശ്ചയങ്ങൾക്ക് വിധേയമായിട്ടല്ലാതെ ജീവിതം, മരണം, രോഗം, ആരോഗ്യം, സുഖം, ദുഃഖം, അടക്കം, ഇളക്കം, കറക്കം ആദിയായ ഏതും സംഭവിക്കുന്നില്ല. എല്ലാം അവന്റെ നിയന്ത്രണത്തിന് വിധേയമാണ്. അതിനെ അതിലംഘിക്കുവാനോ, അതിൽ നിന്ന് കുതറിപ്പോകുവാനോ ഒരാൾക്കും സാധ്യമല്ല. താൽക്കാലികമായ ചില അഭിപ്രായ സ്വാതന്ത്ര്യങ്ങൾ അല്ലാഹു നൽകിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അവന്റെ വിധി വിലക്കുകൾ അനു

സരിക്കാത്ത എത്രയോ ആളുകളുണ്ടെന്നത് വാസ്തവം തന്നെ. എന്നാൽ അതെല്ലാം അവൻ ശരിക്കും കണ്ടറിഞ്ഞുകൊണ്ടിരിക്കുകയാണ്. ആ സ്വാതന്ത്ര്യം അവസാനിക്കുന്നതോടുകൂടി അവരുടെ ആ കഴിവും അവസാനിക്കുന്നു. അല്ലാഹുവിന്റെ ശിക്ഷാ നടപടികൾക്ക് അവർ തികച്ചും കീഴടങ്ങേണ്ടി വരുകയും ചെയ്യുന്നു.

وَهُوَ ٱلَّذِى يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ وَهُوَ أَهْوَنُ عَلَيْهِ ۚ وَلَهُ ٱلْمَثَلُ ٱلْأَعْلَىٰ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٧﴾

《27》 അവൻ തന്നെയാണ് സൃഷ്ടിയെ ആദ്യമുണ്ടാക്കുന്നവൻ. പിന്നീട് അവൻ അത് ആവർത്തിക്കുന്നു. അതാകട്ടെ, അവന്റെമേൽ വളരെ എളിയ കാര്യവുമാണ്. ആകാശങ്ങളിലും, ഭൂമിയിലും അത്യുന്നതമായ ഉപമ അവനുണ്ട് താനും. അവൻ പ്രതാപശാലിയാണ്. അഗാധജ്ഞനാണ്.

《27》 وَهُوَ അവനാണ് الَّذِي يَبْدَأُ ആദ്യമായുണ്ടാക്കുന്നവൻ الْخَلْقَ സൃഷ്ടിയെ ثُمَّ يُعِيدُهُ പിന്നീടതിനെ ആവർത്തിക്കുന്നു. മടക്കിയുണ്ടാക്കുന്നു وَهُوَ അതാകട്ടെ أَهْوَنُ വളരെ (ഏറ്റവും) നിസ്സാരമാണ് عَلَيْهِ അവന് وَلَهُ അവനുണ്ട്(താനും) الْمَثَلُ ഉപമ, ഉപമാനം (ഗുണം, നിലപാട്) الأَعْلَى അത്യുന്നതമായ فِي السَّمَاوَاتِ ആകാശങ്ങളിൽ وَالأَرْضِ ഭൂമിയിലും وَهُوَ അവൻ الْعَزِيزُ പ്രതാപശാലിയാണ് الْحَكِيمُ അഗാധജ്ഞനാണ്

പരമശൂന്യതയിൽ നിന്ന് വാതകമോ ഹേതുകമോ ആയ ഒന്നും തന്നെയില്ലാത്ത ശുദ്ധ നാസ്തിയിൽ നിന്ന് സൃഷ്ടികളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കി അസ്തിത്വം നൽകിയ അവന് അവ നശിച്ചശേഷം അവയെ പുനർജീവിപ്പിക്കുവാനുണ്ടോ വല്ല വിഷമവും?! അവന് തുല്യനോ സമനോ ആയി എങ്ങും ആരുമില്ല; പങ്കുകാരോ സഹായകരോ ഇല്ല; ഒന്നിനോടും അവനെ ഉപമിപ്പിക്കുവാനോ താരതമ്യപ്പെടുത്തുവാനോ ഇല്ല. എണ്ണത്തിൽ ഒരുവൻ. ഗുണവിശേഷങ്ങളിൽ ഏകൻ. ഉപമയിൽ നിസ്തുലൻ. ശക്തിപ്രതാപങ്ങളിൽ തുണയില്ല, വിജ്ഞാനത്തിൽ ഇണയുമില്ല. അവൻ പരിപൂർണൻ! അവൻ പരിശുദ്ധൻ! അതെ, അവൻ മാത്രം പരിപൂർണനും പരമപരിശുദ്ധനും!! അവന്റെ ഏകത്വത്തിന് തെളിവായി ഒരു ഉദാഹരണംകൂടി കാണുക:-

വിഭാഗം - 4

ضَرَبَ لَكُم مَّثَلًا مِّنْ أَنفُسِكُمْ ۖ هَل لَّكُم مِّن مَّا مَلَكَتْ أَيْمَٰنُكُم مِّن

《28》 നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഒരു ഉപമ അവൻ വിവരിച്ചു തരുകയാണ്; നിങ്ങൾക്ക് നാം നൽകിയിട്ടുള്ള വസ്തുവിൽ നിങ്ങളുടെ വലംകൈ

شُرَكَآءَ فِي مَا رَزَقْنَٰكُمْ فَأَنتُمْ فِيهِ سَوَآءٌ تَخَافُونَهُمْ كَخِيفَتِكُمْ أَنفُسَكُمْ ۚ كَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَعْقِلُونَ ﴿٢٨﴾

കൾ ഉടമപ്പെടുത്തിയിട്ടുള്ളതിൽ [അടിമകളിൽ] നിന്ന് വല്ല പങ്കുകാരും നിങ്ങൾക്കുണ്ടോ?

എന്നിട്ട്, നിങ്ങൾ നിങ്ങളെതന്നെ (പരസ്പരം) ഭയപ്പെടുന്നതുപോലെ, അവരെയും ഭയപ്പെട്ടുകൊണ്ടിരിക്കുമാറ് അതിൽ നിങ്ങൾ (ഇരുകൂട്ടരും) സമന്മാരായിരിക്കുക (-ഇങ്ങിനെ ഉണ്ടാകുമോ?! ബുദ്ധികൊടുക്കുന്ന ജനങ്ങൾക്ക് നാം ഇപ്രകാരം ലക്ഷ്യങ്ങൾ വിവരിച്ചുകൊടുക്കുന്നു. (28)

ضَرَبَ لَكُم നിങ്ങൾക്ക് അവൻ വിവരിച്ചു തരുകയാണ് مَثَلًا ഒരു ഉപമ مِنْ أَنفُسِكُمْ നിങ്ങളിൽ നിന്നുതന്നെ هَل لَّكُم നിങ്ങൾക്കുണ്ടോ مِن مَّا مَلَكَتْ അധീനപ്പെടുത്തിയ (ഉടമയാക്കിയ) തിൽ നിന്ന് أَيْمَانُكُم നിങ്ങളുടെ വലംകൈകൾ مِن شُرَكَاءَ വല്ല പങ്കുകാരും فِي مَا رَزَقْنَاكُمْ നിങ്ങൾക്ക് നാം നൽകിയതിൽ فَأَنتُمْ എന്നിട്ട് നിങ്ങൾ فِيهِ അതിൽ سَوَاءٌ ഒരുപോലെയാണ്, സമമാണ് تَخَافُونَهُمْ നിങ്ങളവരെ ഭയപ്പെടുന്നു كَخِيفَتِكُمْ നിങ്ങൾ ഭയപ്പെടുന്നതുപോലെ أَنفُسَكُمْ നിങ്ങളെതന്നെ (തമ്മതമ്മിൽ) كَذَٰلِكَ അപ്രകാരം نُفَصِّلُ നാം വിവരിക്കുന്നു الْآيَاتِ ദൃഷ്ടാന്തങ്ങളെ لِقَوْمٍ يَعْقِلُونَ ബുദ്ധികൊടുക്കുന്ന ജനങ്ങൾക്ക്

അല്ലാഹു നിങ്ങളുടെ കൈവശം തന്നിട്ടുള്ള സ്വത്തുക്കളിൽ നിങ്ങളുടെ ഉടമസ്ഥതയിലിരിക്കുന്ന നിങ്ങളുടെ അടിമകളും കൂട്ടവകാശികളായിരിക്കുക. എന്നിട്ട് അവരും നിങ്ങളും ഒരുപോലെ അധികാരത്തിലും കൈകാര്യത്തിലും സമന്മാരായിരിക്കുക, സ്വതന്ത്രരും യജമാനന്മാരുമായ നിങ്ങൾ പരസ്പരം മാനിച്ചും പേടിച്ചുംകൊണ്ടിരിക്കുന്ന പ്രകാരം അവരെയും പേടിക്കുകയും മാനിക്കുകയും ചെയ്യുക, ഇതു സത്യമാണോ? ഒരിക്കലുമല്ല. എന്നിരിക്കെ, അല്ലാഹുവിന്റെ ഉടമാവകാശങ്ങളിൽ എങ്ങിനെയാണ് മറ്റുള്ളവർക്ക്- എല്ലാവരും അവന്റെ ഉടമസ്ഥതയിലുള്ളവരാണല്ലോ-പങ്കുണ്ടാവുക?! എന്നത്രെ ആയത്തിന്റെ താൽപര്യം. മനുഷ്യന്റെ സ്വത്ത് വാസ്തവത്തിൽ അല്ലാഹു നൽകിയതാണ്. അടിമകളുടെ മേലുള്ള മനുഷ്യന്റെ അവകാശം ഒരു സാങ്കേതികമായ അവകാശം മാത്രവുമാണ്. സൃഷ്ടികളാകട്ടെ, അല്ലാഹുവിന്റെ ഉടമത്തത്തിൽ നിന്ന് ഒരു വിധേനയും ഒഴിവാകുന്നവരുമല്ല.

മുശ്‌രിക്കുകൾ തങ്ങളുടെ ഹജ്ജ് കർമങ്ങളിൽ ഇങ്ങനെ പറയാറുണ്ടായിരുന്ന لَا شَرِيكَ لَكَ إِلَّا شَرِيكًا هُوَ لَكَ تَمْلِكُهُ وَمَا مَلَكَ (ഒരു പങ്കുകാരനല്ലാതെ നിനക്ക്-അല്ലാഹുവിന്-പങ്കുകാരില്ല, ആ പങ്കുകാരനും അവന്റെ ഉടമസ്ഥതയിലുള്ളതും നിനക്ക് ഉടമപ്പെടുന്നതും തന്നെയാണ്) തങ്ങൾ ആരാധിച്ചുവരുന്ന വിഗ്രഹത്തെയും, അതിന്റെ പേരിൽ നീക്കിവെച്ച സ്വത്തുക്കളെയും ഉദ്ദേശിച്ചാണ് അവർ ഇങ്ങിനെ പറയുന്നത്. ഈ മുശ്‌രിക്കുകൾ മാത്രമല്ല, ഇവരെപ്പോലുള്ള എല്ലാ മുശ്‌രിക്കുകളും ബുദ്ധികൊടുത്തു ആലോചിക്കുന്നപക്ഷം തങ്ങളുടെ വിഡ്ഢിത്തം ഈ ഒരൊറ്റ ഉപമകൊണ്ട് മനസ്സിലാക്കാം എന്നാണ് ആയത്തിന്റെ അവസാ

നവാക്യം ചൂണ്ടിക്കാട്ടുന്നത്.

'വലങ്കൈകൾ ഉടമപ്പെടുത്തിയവർ' (ما ملكت أيمان) എന്ന വാക്കിന്റെ ഉദ്ദേശ്യം അടിമകളാകുന്നു. (ഈ പ്രയോഗത്തെ സംബന്ധിച്ച് സൂറ: മുഅ്മിനൂന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ വായിച്ച വിശദീകരണം ഓർക്കുക) മേൽവിവരിച്ച ദൃഷ്ടാന്തങ്ങൾ വഴി അവിശ്വാസികൾ സത്യം മനസ്സിലാക്കി സത്യവിശ്വാസം സ്വീകരിക്കാത്തതിന് കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

بَلِ ٱتَّبَعَ ٱلَّذِينَ ظَلَمُوٓا۟ أَهْوَآءَهُم بِغَيْرِ عِلْمٍ ۖ

《29》 പക്ഷേ, അക്രമം പ്രവർത്തിക്കുന്നവർ യാതൊരു അറിവുമില്ലാതെ തങ്ങളുടെ ഇച്ഛകളെ പിൻപറ്റിയിരിക്കുകയാണ്.

فَمَن يَهْدِى مَنْ أَضَلَّ ٱللَّهُ ۖ وَمَا لَهُم مِّن نَّٰصِرِينَ ﴿٢٩﴾

എന്നിരിക്കെ, അല്ലാഹു വഴിപിഴപ്പിച്ചവരെ ആരാണ് സന്മാർഗത്തിലാക്കുക?! അവർക്ക് യാതൊരു സഹായിയുമില്ലതാനും.

《29》 بَلِ പക്ഷേ اتَّبَعَ പിൻപറ്റി, തുടർന്നു الَّذِينَ ظَلَمُوا അക്രമം പ്രവർത്തിക്കുന്നവർ أَهْوَاءَهُمْ തങ്ങളുടെ ഇച്ഛകളെ بِغَيْرِ عِلْمٍ യാതൊരു അറിവുമില്ലാതെ فَمَنْ എന്നിരിക്കെ ആരാണ് يَهْدِي സന്മാർഗം കാണിക്കുന്നത് مَنْ യാതൊരുവർക്ക് أَضَلَّ اللَّهُ അല്ലാഹു വഴിപിഴപ്പിച്ച وَمَا لَهُمْ അവർക്കില്ലതാനും مِنْ نَاصِرِينَ യാതൊരു സഹായികളും, സഹായികളിൽപ്പെട്ട (ആരും)

അല്ലാഹുവിന്റെ ഏകത്വം, അവന്റെ ശക്തിമാഹാത്മ്യങ്ങൾ, മരണാനന്തരജീവിതം ആദിയായവയെ പല ദൃഷ്ടാന്തങ്ങൾ മുഖേനയും സ്ഥാപിച്ചശേഷം പ്രകൃതിമതമായ തൗഹീദിന്റെ മതത്തിലേക്ക് അല്ലാഹു മനുഷ്യനെ ക്ഷണിക്കുന്നു:-

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ ٱللَّهِ ۚ

《30》 ആകയാൽ, ശുദ്ധമനസ്കനായ നിലയിൽ നീ നിന്റെ മുഖത്തെ (ഈ) മതത്തിലേക്ക് ചൊവ്വാക്കി നിർത്തുക: മനുഷ്യരെ അല്ലാഹു യാതൊരു പ്രകൃതിയിലായി സൃഷ്ടിച്ചിരിക്കുന്നുവോ, അല്ലാഹുവിന്റെ ആ പ്രകൃതി (മതം)! അല്ലാഹുവിന്റെ സൃഷ്ടിപ്പിന് മാറ്റമേ ഇല്ല.

ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ

അതത്രെ (വക്രതയില്ലാതെ) ശരിയായി നിലകൊള്ളുന്ന മതം. എങ്കിലും,

أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٠﴾

മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

۞ مُنِيبِينَ إِلَيْهِ وَٱتَّقُوهُ وَأَقِيمُوا۟ ٱلصَّلَوٰةَ وَلَا تَكُونُوا۟ مِنَ ٱلْمُشْرِكِينَ ﴿٣١﴾

《31》 അവങ്കലേക്ക് [അല്ലാഹുവിങ്കലേക്ക്] മനസ്സ് മടങ്ങിയവരായ നിലയിൽ (അതിനെ അവലംബിച്ചുകൊള്ളുക). അവനെ സൂക്ഷിക്കുകയും, നമസ്കാരം നിലനിറുത്തുകയും ചെയ്യുവിൻ. നിങ്ങൾ 'മുശ്‌രിക്കുകളു' ടെ [പരദൈവവിശ്വാസികളുടെ] കൂട്ടത്തിൽ ആകുകയും അരുത്.

مِنَ ٱلَّذِينَ فَرَّقُوا۟ دِينَهُمْ وَكَانُوا۟ شِيَعًا ۖ

《32》 അതായത്: തങ്ങളുടെ മതത്തെ ഭിന്നിപ്പിക്കുകയും, പല കക്ഷികളായിത്തീരുകയും ചെയ്തവരുടെ കൂട്ടത്തിൽ (ആകരുത്).

كُلُّ حِزْبٍۭ بِمَا لَدَيْهِمْ فَرِحُونَ ﴿٣٢﴾

ഓരോ സംഘവും തങ്ങളുടെ പക്കലുള്ളതിൽ ആഹ്ലാദം കൊള്ളുന്നവരാണ്.

《30》 فَأَقِمْ ആകയാൽ നീ നിലനിറുത്തുക وَجْهَكَ നിന്റെ മുഖം لِلدِّينِ മതത്തിലേക്ക് حَنِيفًا ശുദ്ധമനസ്കനായ നിലയിൽ فِطْرَتَ اللَّهِ അല്ലാഹുവിന്റെ പ്രകൃതി, സൃഷ്ടിപ്പ് الَّتِي فَطَرَ അവൻ പ്രകൃതം ചെയ്ത, സൃഷ്ടിച്ചതായ النَّاسَ മനുഷ്യരെ عَلَيْهَا അത് പ്രകാരം, അതിന്റെമേൽ لَا تَبْدِيلَ മാറ്റം ഇല്ല, പകരമാക്കലില്ല لِخَلْقِ اللَّهِ അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ذَٰلِكَ അത്, അതത്രെ الدِّينُ الْقَيِّمُ ശരിയായി നിലനിൽക്കുന്ന (വക്രതയില്ലാത്ത) മതം وَلَٰكِنَّ എങ്കിലും أَكْثَرَ النَّاسِ മനുഷ്യരിൽ അധികമാളും لَا يَعْلَمُونَ അവർ അറിയുന്നില്ല 《31》 مُنِيبِينَ മനസ്സു മടങ്ങിയവരായി, വിനയപ്പെട്ടവരായിട്ട് إِلَيْهِ അവങ്കലേക്ക് وَاتَّقُوهُ നിങ്ങൾ അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ | وَأَقِيمُوا നിങ്ങൾ നിലനിർത്തുകയും ചെയ്യുവിൻ الصَّلَاةَ നമസ്കാരം | وَلَا تَكُونُوا നിങ്ങൾ ആകുകയും അരുത് مِنَ الْمُشْرِكِينَ മുശ്‌രിക്കുകളിൽപെട്ട(വർ) 《32》 مِنَ الَّذِينَ അതായത് യാതൊരുവരിൽ | فَرَّقُوا അവർ ഭിന്നിപ്പിച്ചിരിക്കുന്നു. دِينَهُمْ തങ്ങളുടെ മതത്തെ | وَكَانُوا അവരാകുകയും ചെയ്തിരിക്കുന്നു شِيَعًا പല കക്ഷികൾ كُلُّ حِزْبٍ എല്ലാ (ഓരോ) സംഘവും بِمَا لَدَيْهِمْ തങ്ങളുടെ പക്കലുള്ളത്കൊണ്ട് فَرِحُونَ ആഹ്ലാദം (അഭിമാനം കൊള്ളുന്നവരാണ്)

മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് പരിശുദ്ധമായ ഒരു പ്രകൃതിയോട്കൂടിയാണ്. ചുറ്റുപാടിന്റെ സമ്മർദ്ദവും പരിതഃസ്ഥിതികളുടെ പ്രേരണയും വിഘാതമല്ലെങ്കിൽ– മനുഷ്യൻ അവന്റെ സാക്ഷാൽ പ്രകൃതിയിൽ വളരുകയാണെങ്കിൽ– ലോകസ്രഷ്ടാവിനെക്കുറിച്ചുള്ള

ബോധത്തിലും, അവന്റെ തൗഹീദിലും അധിഷ്ഠിതമായ സത്യവിശ്വാസം അവനുണ്ടാകാതിരിക്കുകയില്ല. മാനുഷികമായ ധാർമികമൂല്യങ്ങളോട് ഇണങ്ങുന്ന പ്രേരണകളായിരിക്കും അവനിൽ ഉൽഭൂതമാകുന്നതും. അവന്റെ ബുദ്ധിതേടുന്നതും, അവന്റെ നന്മയായി അവൻ കാണുന്നതും അതായിരിക്കും. സ്രഷ്ടാവിന്റെ നിഷേധത്തിനോ, പരദൈവ സങ്കൽപത്തിനോ അവൻ മുതിരുകയില്ല. ഇതേ പ്രകൃതിമതമത്രെ ഇസ്‌ലാം. യാതൊരു വക്രതയും കൂടാതെ, ശുദ്ധമനസ്സോടെ ആ മതത്തിലേക്ക് നേർക്കുനേരെ തിരിഞ്ഞുവരണമെന്നാണ് നിരവധി ദൃഷ്ടാന്തങ്ങൾ നിരത്തിക്കാട്ടിക്കൊണ്ട് അല്ലാഹു മനുഷ്യനെ ആഹ്വാനം ചെയ്യുന്നത്.

ഈ പരിശുദ്ധമായ പ്രകൃതിവിട്ട് മനുഷ്യനെ ഇടവും വലവും തിരിച്ചുവിടുന്നതും, അവരെ വ്യത്യസ്ത മതക്കാരും ജാതികളുമാക്കി തരംതിരിക്കുന്നതും പ്രതികൂലമായ സാഹചര്യങ്ങളും ചുറ്റുപാടുകളുമാണെന്ന വസ്തുത ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം ചൂണ്ടിക്കാട്ടുന്നു:

ما من مولود يولد إلاّ على الفطرة فأبواه يهودانه وينصرانه ويمجسانه كما تنتج البهيمة بهيمة جمعاء هل تحسون فيها من جدعاء ثم يقول (فطرة الله ... الى قوله ذلك الدين القيم) – متفق عليه

സാരം: ' ഏത് കുട്ടിയും ശുദ്ധപ്രകൃതി-ഇസ്‌ലാമിക പ്രകൃതി-യോടുകൂടിയല്ലാതെ ജനിക്കുന്നില്ല. എന്നിട്ട് അവന്റെ മാതാപിതാക്കൾ അവനെ യഹൂദനാക്കുന്നു, അല്ലെങ്കിൽ നസ്രാണിയാക്കുന്നു, അല്ലെങ്കിൽ 'മജൂസി' (അഗ്നിയാരാധകൻ) ആക്കുന്നു. മൃഗങ്ങൾ അവയവം പൂർത്തിയായ മൃഗത്തെ പ്രസവിക്കുന്നത് പോലെതന്നെ. അതിൽ (പ്രസവവേളയിൽ) കാതു മുറിക്കപ്പെട്ടതായി വല്ലതും നിങ്ങൾ കാണാറുണ്ടോ? ഇത്രയും പറഞ്ഞശേഷം തിരുമേനി ഇതിന്ന് തെളിവായി (30-ാം വചനത്തിലെ) فِطْرَتَ اللّٰهِ എന്ന് തുടങ്ങി ذَلِكَ الدِّينُ الْقَيِّمُ വരെ ഉദ്ധരിക്കുകയും ചെയ്തിരുന്നു. (ബു;മു.) മൃഗക്കുട്ടികൾ ജനിക്കുമ്പോൾ അവ അവയവം പൂർണമായ നിലയിലാണ് ജനിക്കുന്നതെന്നപോലെ മനുഷ്യമക്കൾ ജനിക്കുന്നതും അവരുടെതായ ശുദ്ധപ്രകൃതിയോടെയാണെന്നും, പിന്നീട് മൃഗങ്ങളുടെ കാതുകൾ മനുഷ്യരാൽ മുറിക്കപ്പെടുന്നത് *(*)* പോലെ മനുഷ്യൻ വഴിപിഴച്ചുപോകുന്നതും പുറത്തുനിന്നുള്ള ഇടപെടൽ കൊണ്ടാണെന്നുമാണ് ഹദീഥിന്റെ താൽപര്യം. ഹദീഥിൽ മാതാപിതാക്കൾ എന്നും യഹൂദി-നസ്രാണി- മജൂസി എന്നും പ്രസ്താവിച്ചത് കേവലം ചില ഉദാഹരണങ്ങൾ മാത്രമാണെന്ന് വ്യക്തമാണ്.

ഇസ്‌ലാമിലെ വിശ്വാസങ്ങൾ മാത്രമല്ല; അതിലെ നിയമങ്ങളും അനുഷ്ഠാന മുറകളും എല്ലാം തന്നെ, പരിശോധിച്ചാൽ മനുഷ്യപ്രകൃതിക്ക് തികച്ചും യോജിച്ച ഏകമതം ഇസ്‌ലാമാണെന്നുള്ളതിൽ സംശയമില്ല. ഈ യാഥാർഥ്യം ഇതിനകം തെളിയിക്കപ്പെട്ടു കഴിഞ്ഞതും, ബുദ്ധിമതികളും നിഷ്പക്ഷഹൃദയരുമായ പല ചിന്തകന്മാരാലും സമ്മതിക്കപ്പെട്ടതുമാകുന്നു. ഇവിടെ ഇതിനെപ്പറ്റി കൂടുതൽ സ്പർശിക്കുന്നില്ല. മനുഷ്യപ്രകൃതിക്ക് ഉപയുക്തമല്ലാത്ത ഏതു മതത്തിനും സ്ഥിരതയും നിലനിൽപും ഉണ്ടാകുവാൻ നിവൃത്തിയില്ല. ഒന്നുകിൽ കാലാനുസൃതമായ ഭേദഗതികൾക്ക് വിധേയമാകുക, അല്ലെങ്കിൽ ഭാഗികമായോ പൂർണമായോ പുറംതള്ളപ്പെട്ടു കാലഹരണപ്പെടുക, രണ്ടിലൊന്ന് ആവശ്യമായിരിക്കും. മനുഷ്യപ്രകൃതിക്കനുസരിച്ചതും, കാലദേശ വ്യത്യാസമെന്യെ മനുഷ്യവർഗത്തിന്നാകമാനം പ്രായോഗികമായതുമായ മതം, മനുഷ്യസ്രഷ്ടാവിനാൽ അവതരിപ്പിക്കപ്പെട്ട മതമായിരിക്കുവാനേ നിർവ്വാഹമുള്ളു; അതത്രെ ഇസ്‌ലാം. അതുകൊണ്ടാണ് അതിനെക്കുറിച്ച് 'അല്ലാഹു

(*)* വിഗ്രഹങ്ങൾക്ക് വഴിപാടുനേർന്ന ചില മൃഗങ്ങളുടെ കാത് മുറിക്കുന്ന സമ്പ്രദായം മുശ്‌രിക്കുകളിലുണ്ടായിരുന്നു.

നൽകിയ പ്രകൃതി' (فِطْرَتَ ٱللَّهِ) എന്നും പ്രകൃതി മതം (دِينُ الْفِطْرَةِ) എന്നുമൊക്കെ പറയുന്നത്. അതിനു മാത്രമേ യാതൊരു ന്യൂനതയും ബാധിക്കാത്തവണ്ണം സ്വയംപര്യാപ്തതയുള്ളൂ. (ذَٰلِكَ ٱلدِّينُ ٱلْقَيِّمُ) പക്ഷേ, ക്ഷണികങ്ങളായ താൽപര്യങ്ങളോ ചിന്താശൂന്യതയോ കാരണമായി മിക്ക മനുഷ്യരും ഈ പരമാർഥം മനസ്സിലാക്കാതിരിക്കുകയാണ് ചെയ്യുന്നത് (وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ)

لَا تَبْدِيلَ لِخَلْقِ ٱللَّهِ (അല്ലാഹുവിന്റെ സൃഷ്ടിപ്പിനു മാറ്റമേയില്ല.) എന്ന വാക്യം ഗൗരവമായ ഒരു യാഥാർഥ്യം ചൂണ്ടിക്കാട്ടുന്നു. അല്ലാഹു ഓരോ വസ്തുവിനും അതതിന്റെ സൃഷ്ടിയിൽ നിശ്ചയിച്ചിട്ടുള്ള പ്രകൃതിക്ക് മാറ്റം വരുന്നതല്ല. അഥവാ ഓരോന്നും അവൻ ഉദ്ദേശിച്ചതും നിർണയിച്ചതുമായ സ്വഭാവത്തോടുകൂടി തന്നെ നിലകൊള്ളും. അതിൽ മാറ്റത്തിരുത്തങ്ങൾ ചെയ്‌വാൻ ആർക്കും സാധ്യമല്ല. അത് മാറ്റം ചെയ്യപ്പെടുവാൻ പറ്റുകയുമില്ല. (اى لا يقدر احد ان يغيره اوما ينبغى ان يغير – كما في البيضاوى) മനുഷ്യപ്രകൃതിക്കനുയോജ്യമായ ഏകമതമാണ് അല്ലാഹു അവനു നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ട് ആ മതം വിട്ടു മറ്റേതു മതവും ആ പ്രകൃതിക്ക് യോജിച്ചതായിരിക്കുകയില്ല. അതേപ്രകൃതി നിലനിൽക്കുന്നേടത്തോളം കാലം–അതിന് ആരാലും മാറ്റം വരുത്തപ്പെടുന്നതല്ലതാനും– ആ മതം മനുഷ്യരിൽ പ്രായോഗികമല്ലാതിരിക്കുകയുമില്ല. ഇതാണതിന്റെ ചുരുക്കം. അതുകൊണ്ടാണ്, ഈ വാക്യത്തിന് 'അല്ലാഹുവിന്റെ മതത്തിന് മാറ്റമില്ല' (اى لا تبديل لدين الله) എന്നു പല മഹാൻമാരും (*) വ്യാഖ്യാനം നൽകിക്കാണുന്നതും, ഇമാം ബുഖാരി അതിനെ സ്ഥിരീകരിച്ചതും. ചില സ്ഥാപിത താൽപര്യക്കാർ– പ്രവാചകൻമാരുടെ കൈക്ക് വെളിപ്പെടുന്ന അസാധാരണ സംഭവങ്ങളെ നിഷേധിക്കേണ്ടുന്ന ആവശ്യാർഥം തങ്ങൾക്ക് തെളിവായി ഉപയോഗപ്പെടുത്തുവാൻ വേണ്ടി– ഈ വാക്യത്തിന് ചിലപ്പോൾ ഇങ്ങിനെ അർഥം കല്പിക്കാറുണ്ട്: 'അല്ലാഹു ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള പ്രത്യേക സ്വഭാവങ്ങളിൽ അവൻ ഒരിക്കലും മാറ്റം വരുത്തുകയില്ല'. ഈ അർഥം ശരിയല്ലെന്നും, ഇത് താൽപര്യപൂർവം കല്പിക്കുന്ന അർഥമാണെന്നും ഇതിന് മുമ്പ് പലതവണ നാം കാര്യകാരണസഹിതം വിവരിച്ചിട്ടുണ്ട്.

പ്രകൃതി മതത്തിലേക്ക് വക്രതയില്ലാത്ത ശുദ്ധമനസ്സോടുകൂടി വരുവാൻ ആഹ്വാനം ചെയ്തതോടൊപ്പം ആ വരവിന്റെ സ്വഭാവം എപ്രകാരമായിരിക്കണമെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതെ, ഭക്തിപൂർവം അല്ലാഹുവിലേക്ക് മനസ്സു മടങ്ങിക്കൊണ്ട് (منيبين إليه) ആയിരിക്കണം അത്. ഇല്ലാത്തപക്ഷം അത് കേവലം നാമമാത്രമായിരിക്കും. മതം സ്വീകരിക്കുന്നതോടുകൂടി എല്ലാ കാര്യത്തിലും അല്ലാഹുവിനെ സൂക്ഷിച്ചുപോരേണ്ടതും (واتقوه) അതിന്റെ അംഗീകരണത്താൽ അനിവാര്യമായിത്തീരുന്ന കടമകളിൽ പ്രധാനമായ നമസ്കാരം നിലനിറുത്തേണ്ടതും (وأقيموا الصلوة) ഉണ്ട്. ഇല്ലാത്തപക്ഷം അത് കേവലം കാപട്യവുമായിരിക്കും. ക്രിയാത്മകമായ ഈ നിർബന്ധങ്ങൾക്ക് പുറമെ, നിഷേധാത്മകമായ ചില നിർബന്ധങ്ങളും കൂടിയുണ്ട്. അതിൽവെച്ച് അതിപ്രധാനമായതാണ് ആരാധനകളിൽ മറ്റാരെയും പങ്കുചേർക്കുവാൻ പാടില്ല. (ولا تكونوا من المشركين) എന്നുള്ളത്. പരദൈവങ്ങളെ സ്വീകരിക്കുന്നവരാകട്ടെ, ഒരേ വിഭാഗക്കാരോ ഏകീകൃത സ്വഭാവക്കാരോ അല്ല. അവരിൽ എത്രയോ കക്ഷികളും വിഭാഗക്കാരുമുണ്ട്. ചിലർക്ക് ഒരു വിഗ്രഹം. ചിലർക്ക് മറ്റൊരു വിഗ്രഹം. വേറെ ചിലർക്കു മൂന്ന്ദൈവം. ഇനിയുമൊരു കൂട്ടർക്കു മുപ്പത്തിമുക്കോടി ദൈവങ്ങൾ, അതുപോലെതന്നെ ചിലർ പ്രതിമയെയും, മറ്റു ചിലർ ദേവൻമാരെയും, വേറെ ചിലർ ജീവിച്ചിരിക്കുന്നവരെയും ആരാധിക്കുന്നു. നടപടിക്രമങ്ങളിലുള്ള വ്യത്യാസങ്ങൾ വേറെയും. ഓരോ കക്ഷിയും താന്താ

ങ്ങളുടെ വിശ്വാസവും പ്രവൃത്തിയുമാണ് കൂടുതൽ നല്ലതെന്ന് തൃപ്തിയടയുകയും അതി ലഭിമാനിക്കുകയും ചെയ്യുന്നു. അതുകൊണ്ട് പരദൈവവിശ്വാസത്തിന്റെ (ശിർക്കിന്റെ) ഒരു വകുപ്പിലും ഉൾപ്പെടാതെ സൂക്ഷിക്കേണ്ടതാണെന്ന് പ്രത്യേകം എടുത്തുപറഞ്ഞിരിക്കുകയാണ്.

മതത്തെ ഭിന്നിപ്പിച്ചു കക്ഷികളായിത്തീരുകയും, താന്താങ്ങൾ സ്വീകരിച്ചതിൽ അഭിമാനിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടുപോകരുത് എന്നുള്ള ഈ താക്കീത് ഇന്ന് മുസ്‌ലിം സമുദായംതന്നെ പൊതുവിൽ വിസ്മരിച്ചുകളഞ്ഞിരിക്കുകയാണ്. പ്രത്യക്ഷത്തിൽ ഇസ്‌ലാമിനെ വിട്ട് മറ്റൊരു മതം സ്വീകരിക്കുകയല്ല അവർ ചെയ്യുന്നത്. ഇസ്‌ലാമിൽതന്നെ ഉൾക്കൊള്ളിച്ചുകൊണ്ട് പലരും ശിർക്കുപരമായ പല ആചാരസമ്പ്രദായങ്ങളും നടപ്പാക്കുന്നു. പലരും ചേരികളും കക്ഷികളുമായി പിരിയുന്നു. അങ്ങിനെ ഇസ്‌ലാമിന്റെ പേരിൽ പലതും വെച്ചുകെട്ടുകയും, പലതും അതിൽ നിന്ന് വെട്ടിക്കുറക്കുകയും ചെയ്തിരിക്കയാണ് ഇന്ന് സമുദായം. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. آمين

وَإِذَا مَسَّ ٱلنَّاسَ ضُرٌّ دَعَوْا۟ رَبَّهُم مُّنِيبِينَ إِلَيْهِ ثُمَّ إِذَآ أَذَاقَهُم مِّنْهُ رَحْمَةً إِذَا فَرِيقٌ مِّنْهُم بِرَبِّهِمْ يُشْرِكُونَ ﴿٣٣﴾

﴾33﴿ മനുഷ്യരെ വല്ല ബുദ്ധിമുട്ടും ബാധിച്ചാൽ, അവർ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് മനസ്സു മടങ്ങിയവരായ നിലയിൽ അവനെ വിളി(ച്ചു പ്രാർഥി)ക്കുന്നതാണ്. പിന്നീട്, അവൻ തന്റെ പക്കൽനിന്ന് വല്ല കാരുണ്യവും അവർക്ക് ആസ്വദിപ്പിച്ചാൽ അപ്പോഴതാ, അവരിൽ നിന്ന് ഒരു വിഭാഗം തങ്ങളുടെ രക്ഷിതാവിനോട് (വേറെ ആരാധ്യൻമാരെ) പങ്കുചേർക്കുന്നു.

لِيَكْفُرُوا۟ بِمَآ ءَاتَيْنَٰهُمْ ۚ فَتَمَتَّعُوا۟ فَسَوْفَ تَعْلَمُونَ ﴿٣٤﴾

﴾34﴿ നാം അവർക്ക് കൊടുത്തിട്ടുള്ളതിന് നന്ദികേട് കാണിക്കുവാനായിട്ടാണ് (അത്). (ഹേ, നന്ദികെട്ടവരേ!) എന്നാൽ നിങ്ങൾ സുഖിക്കുക! അങ്ങനെ വഴിയെ നിങ്ങൾക്കറിയാറാകും!!

أَمْ أَنزَلْنَا عَلَيْهِمْ سُلْطَٰنًا فَهُوَ يَتَكَلَّمُ بِمَا كَانُوا۟ بِهِۦ يُشْرِكُونَ ﴿٣٥﴾

﴾35﴿ അഥവാ, നാം അവർക്ക് വല്ല പ്രമാണവും ഇറക്കിക്കൊടുത്തിട്ട് അവർ പങ്കുചേർത്തു വരുന്നതിനെക്കുറിച്ച് അത് പ്രസ്താവിക്കുന്നു ണ്ടോ?!

《33》 وَإِذَامَسَّ ബാധിച്ചാൽ, സ്പർശിച്ചാൽ النَّاسَ മനുഷ്യരെ ضُرٌّ വല്ല ബുദ്ധിമുട്ടും,
ഉപദ്രവവും دَعَوْا അവൻ വിളിക്കും, പ്രാർഥിക്കും رَبَّهُمْ തങ്ങളുടെ റബ്ബിനെ مُنِيبِينَ മനസ്സു മട
ങ്ങിയവരായ നിലയിൽ إِلَيْهِ അവങ്കലേക്ക് ثُمَّ പിന്നെ إِذَاأَذَاقَهُمْ അവൻ അവർക്ക് ആസ്വദിപ്പി
ച്ചാൽ مِنْهُ തന്റെ പക്കൽ നിന്ന് رَحْمَةً വല്ല കാരുണ്യവും إِذَافَرِيقٌ അപ്പോഴതാ ഒരു വിഭാഗം
مِنْهُمْ അവരിൽ നിന്ന് بِرَبِّهِمْ തങ്ങളുടെ റബ്ബിനോട് يُشْرِكُونَ പങ്ക് ചേർക്കുന്നു 《34》 لِيَكْفُرُوا
അവർ നന്ദികേട് കാണിക്കുവാൻ, നന്ദികേടു ചെയ്യട്ടെ بِمَا آتَيْنَاهُمْ നാം അവർക്ക് കൊടുത്ത
തിൽ فَتَمَتَّعُوا എന്നാൽ നിങ്ങൾ സുഖിക്കുക فَسَوْفَ എന്നാൽ വഴിയെ تَعْلَمُونَ നിങ്ങൾക്ക
റിയാം 《35》 أَمْ أَنْزَلْنَا അഥവാ നാം ഇറക്കിയിരിക്കുന്നുവോ عَلَيْهِمْ അവർക്ക് سُلْطَانًا വല്ല
പ്രമാണവും فَهُوَ എന്നിട്ടത് يَتَكَلَّمُ സംസാരി (പ്രസ്താവി) ക്കുന്നു بِمَا യാതൊന്നിനെക്കു
റിച്ച് كَانُوا بِهِ അതു കൊണ്ട് അവരായിരുന്നു يُشْرِكُونَ പങ്കുചേർക്കും

ആപത്ത് നേരിടുമ്പോൾ ഭക്തിയോടും, വിനയത്തോടുംകൂടി അല്ലാഹുവിനെത്തന്നെ വിളിച്ചു പ്രാർഥിക്കുകയും, ആപത്ത് നീങ്ങിയാൽ വീണ്ടും പഴയപടി ശിർക്ക് തുടരുകയും ചെയ്യുകയെന്നത് ക്വുർആൻ അവതരിക്കുന്ന കാലത്തെ മുശ്‌രിക്കുകളുടെ പതിവായിരുന്നു. ഇന്നത്തെ മുശ്‌രിക്കുകളിലും ഈ പതിവ് ഇല്ലായ്കയില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിക്കുപകരം നന്ദികേട് കാണിക്കുക എന്ന അപരാധം കൂടിയാണ് ഇത്മൂലം അവർ ചെയ്യുന്നത്. തൽക്കാലം അവരെ തങ്ങളുടെ ഇഷ്ടത്തിനൊത്ത് സുഖിച്ചു കഴിഞ്ഞുകൂടുവാൻ വിട്ടിരിക്കുകയാണ്. അതിന്റെ ഫലം താമസിയാതെ അവർക്ക് അനുഭവപ്പെടും എന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ശിർക്കിന്റെ ആൾക്കാരുടെ നിലയും ന്യായീകരണങ്ങളും കണ്ടാൽ തങ്ങൾക്ക് അല്ലാഹുവിൽ നിന്ന് ശിർക്കിനെ ന്യായീകരിക്കുന്ന വല്ല പ്രമാണവും വന്നുകിട്ടിയിട്ടുണ്ടെന്ന് തോന്നിയേക്കും.

وَإِذَآ أَذَقْنَا ٱلنَّاسَ رَحْمَةً فَرِحُوا۟ بِهَا ۖ وَإِن تُصِبْهُمْ سَيِّئَةٌۢ بِمَا قَدَّمَتْ أَيْدِيهِمْ إِذَا هُمْ يَقْنَطُونَ ﴿٣٦﴾

《36》 മനുഷ്യർക്ക് വല്ല കാരുണ്യവും (അഥവാ അനുഗ്രഹവും) നാം ആസ്വദിപ്പിക്കുന്നപക്ഷം, അവരതിൽ ആഹ്ലാദം കൊള്ളും. അവരുടെ കരങ്ങൾ മുൻചെയ്തതിന്റെ ഫലമായി വല്ല തിൻമയും അവർക്ക് ബാധിക്കുന്നുവെങ്കിലോ, അപ്പോഴതാ അവർ നിരാശപ്പെട്ടുപോകുന്നു!

《36》 وَإِذَاأَذَقْنَا നാം ആസ്വദിപ്പിച്ചാൽ النَّاسَ മനുഷ്യർക്ക് رَحْمَةً വല്ല കാരുണ്യവും
(അനുഗ്രഹവും) فَرِحُوا അവർ ആഹ്ലാദിക്കും بِهَا അതിൽ, അതുമൂലം وَإِنْ تُصِبْهُمْ അവർക്ക്
ബാധിച്ചെങ്കിൽ سَيِّئَةٌ വല്ല തിന്മയും بِمَاقَدَّمَتْ മുൻചെയ്തതുകൊണ്ട് أَيْدِيهِمْ അവരുടെ
കരങ്ങൾ إِذَاهُمْ يَقْنَطُونَ അപ്പോഴതാ അവർ നിരാശപ്പെടുന്നു.

أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٣٧﴾

《37》 അവർക്ക് കണ്ടുകൂടേ, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം വിശാലമാക്കിക്കൊടുക്കുകയും, (അവൻ ഉദ്ദേശിക്കുന്നവർക്ക്) പരിമിതമാക്കുകയും ചെയ്യുന്നതാണെന്ന്?! നിശ്ചയമായും അതിൽ, വിശ്വസിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

《37》 أَوَلَمْ يَرَوْا അവർ കാണുന്നില്ലേ أَنَّ اللَّهَ നിശ്ചയമായും അല്ലാഹു يَبْسُطُ വിശാലമാക്കുന്നു الرِّزْقَ ഉപജീവനം, ആഹാരം لِمَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَيَقْدِرُ പരിമിതമാക്കുക (കുടുസ്സാക്കുക) കണക്കാക്കുക, നിയന്ത്രിക്കുക)യും ചെയ്യുന്നു إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِقَوْمٍ يُؤْمِنُونَ വിശ്വസിക്കുന്ന ജനങ്ങൾക്ക്

നന്മ ലഭിച്ചാൽ ആഹ്ലാദവും, അഹങ്കാരവും, തിന്മ ലഭിച്ചാൽ നിരാശയും, ക്ഷമകേടും. ഇതാണ് മനുഷ്യന്റെ പൊതുനില. എന്നാൽ സത്യവിശ്വാസികളുടെ സ്ഥിതി ഇതിൽ നിന്നും വ്യത്യസ്തമായിരിക്കേണ്ടതാണ്. അഥവാ ആയിരിക്കുകയും ചെയ്യും. കഴിഞ്ഞ സൂ: 5-ാം വചനത്തിന്റെ വിവരണത്തിൽ നാം ഉദ്ധരിച്ച നബിവചനത്തിൽ പ്രസ്താവിച്ചതുപോലെ, സന്തോഷത്തിൽ നന്ദിയും സന്താപത്തിൽ ക്ഷമയും ഉള്ളവരായിരിക്കും സത്യവിശ്വാസികൾ.

മനുഷ്യന്റെ ആസൂത്രണത്തിനും, പ്രയത്നത്തിനും ഉപജീവനമാർഗങ്ങളുടെ ഏറ്റക്കുറവിൽ പങ്കുണ്ടെന്നത് ശരിതന്നെ. പക്ഷേ, അവ രണ്ടിന്റെയും തോതനുസരിച്ചാണോ ഓരോരുത്തനും ഉപജീവനം ലഭിക്കുന്നത്? ഒരിക്കലുമല്ല. ഏറ്റക്കുറവിന് വാസ്തവത്തിൽ നിദാനം അല്ലാഹുവിന്റെ ഉദ്ദേശമാകുന്നു. ആർക്കാണ് ഉപജീവനമാർഗങ്ങളും, സമ്പത്തും വിശാലമാക്കേണ്ടതെന്നും ആർക്കാണവ കുടുസ്സാക്കേണ്ടതെന്നും അവനാണ് നിർണയിക്കുന്നത്. അതിസമർഥരും യോഗ്യരുമായ എത്രയോ ആളുകളെ നിർധനന്മാരായും, കേവലം ഭോഷന്മാരും പാവങ്ങളുമായ എത്രയോ ആളുകളെ വമ്പിച്ച ധനാഢ്യന്മാരായും കണ്ടുവരുന്നത് അതുകൊണ്ടാകുന്നു. അല്ലാഹുവിൽ ശരിക്ക് വിശ്വാസമില്ലാത്തവർ ഇതിനെക്കുറിച്ച് എന്ത് പറഞ്ഞാലും ശരി, ഈ നിലപാട് മാറ്റി പകരം സാർവ്വത്രികവും, പരിപൂർണവുമായ ഒരു സ്ഥിതി സമത്വം മനുഷ്യർക്കിടയിൽ നടപ്പാക്കുവാൻ അവർക്ക് സാധ്യമല്ലതന്നെ. സാധ്യമെന്ന് സങ്കൽപിച്ചാൽ തന്നെ അത് അപ്രായോഗികമായിരിക്കും. അല്ല, വിനാശകരവും കൂടിയായിരിക്കുമെന്ന് അൽപം ആലോചിച്ചാലറിയാവുന്നതാണ്. ഇതിനെപ്പറ്റി കൂടുതൽ വിവരം സൂ: സുഖ്റുഫ് (الزخرف) 32-35 ൽ വെച്ചു കാണാം. إنْ شَاء الله

فَـَٔاتِ ذَا ٱلْقُرْبَىٰ حَقَّهُۥ وَٱلْمِسْكِينَ وَٱبْنَ ٱلسَّبِيلِ ۚ ذَٰلِكَ خَيْرٌ لِّلَّذِينَ يُرِيدُونَ وَجْهَ ٱللَّهِ ۖ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٣٨﴾

《38》 ആകയാൽ, കുടുംബബന്ധമുള്ളവന് അവന്റെ അവകാശം നീ കൊടുക്കുക, സാധുവിനും വഴിപോക്കനും (കൊടുക്കുക), അല്ലാഹുവിന്റെ പ്രീതിയെ ഉദ്ദേശിക്കുന്നവർക്ക് അത് ഗുണകരമാണ്. അക്കൂട്ടർ തന്നെയാണ് വിജയികളും.

《38》 فَآتِ ആകയാൽ നീ കൊടുക്കുക ذَاالْقُرْبَى കുടുംബബന്ധമുള്ളവന് حَقَّهُ അവന്റെ അവകാശം وَالْمِسْكِينَ സാധുവിനും وَابْنَ السَّبِيلِ വഴിപോക്കനും ذَٰلِكَ അത് خَيْرٌ ഗുണകരമാണ് لِلَّذِينَ يُرِيدُونَ ഉദ്ദേശിക്കുന്നവർക്ക് وَجْهَ اللَّهِ അല്ലാഹുവിന്റെ മുഖത്തെ (പ്രീതിയെ) وَأُولَٰئِكَ അക്കൂട്ടർ هُمُ അവർ തന്നെയാണ് الْمُفْلِحُونَ വിജയികൾ.

മനുഷ്യന്റെ സാമ്പത്തികമായ കഴിവും, കഴിവുകേടും അല്ലാഹു നിശ്ചയിക്കുന്നതാണെന്ന് പറഞ്ഞുവല്ലോ. എന്നിരിക്കെ, ദാനധർമാദി സൽക്കാര്യങ്ങളിൽ ചിലവഴിക്കുന്നതുകൊണ്ട് ഒരാൾ ദരിദ്രനായി കഷ്ടപ്പെട്ടേക്കുമെന്നോ, ചിലവഴിക്കാതെ കെട്ടിസൂക്ഷിച്ചതുകൊണ്ട് ധനികനായി നിലനിൽക്കുമെന്നോ ഭയപ്പെടേണ്ടതില്ല. ഒരു കവി പറഞ്ഞത് വളരെ ശരിയാണ്:-

فلا الجود يفنيها اذا هى اقبلت ولا البخل يبقيها اذا هي تذهب

'ധനം മുമ്പോട്ട് വരുമ്പോൾ ഔദാര്യം അതിനെ നശിപ്പിക്കുന്നതല്ല; അത് വിട്ടു പോകാൻ ശ്രമിക്കുന്നപക്ഷം ലുബ്ധത അതിനെ ശേഷിപ്പിച്ചു നിർത്തുകയും ഇല്ല' എന്ന് സാരം. ഹദീഥിൽ ما نقصت صدقة من مال الخ – مسلم (ദാനധർമം ഒന്നും തന്നെ ധനത്തിൽ കുറവ് വരുത്തുകയില്ല) എന്ന് വന്നിട്ടുള്ളതും, وما انفقتم من شيئ فهو يخلفه – سبأ ٣٩ (നിങ്ങൾ വല്ലതും ചില ചിലവഴിക്കുന്നതാകയാൽ അവൻ- അല്ലാഹു- അതിനുപകരം നൽകും) എന്ന ക്വുർആൻ വചനവും ഇവിടെ സ്മരണീയമാണ്. അതുകൊണ്ടാണ് 37-ാം വചനത്തെ തുടർന്ന് എല്ലാ ഓരോ വ്യക്തിയെയും അഭിമുഖീകരിച്ചു കൊണ്ട് ഈ വചനത്തിൽ ദാനധർമങ്ങൾക്ക് പ്രേരിപ്പിക്കുന്നത്.

ദാനധർമം നൽകപ്പെടേണ്ടുന്ന മൂന്ന് വിഭാഗക്കാരെയാണ് ഇവിടെ എടുത്തുപറഞ്ഞിട്ടുള്ളത്. ഒന്നാമത്തേത് കുടുംബബന്ധമുള്ളവർ. കുടുംബബന്ധം പാലിക്കുകയും, കുടുംബാംഗങ്ങളെ സഹായിക്കുകയും ചെയ്യുന്നതിന് ഇസ്‌ലാം എത്രമാത്രം പ്രാധാന്യം കല്പിച്ചിട്ടുണ്ടെന്ന് ഇത്പോലുള്ള പല ക്വുർആൻ വാക്യങ്ങളിൽ നിന്നും മനസ്സിലാക്കാം. 'അവന്റെ അവകാശം' (حقه) കൊടുക്കുക എന്നത്രെ അല്ലാഹു ഇവിടെ ഉപയോഗിച്ച വാക്ക്. ഈ ഒരൊറ്റ പ്രയോഗത്തിൽ നിന്ന്തന്നെ അതിന്റെ ഗൗരവം മനസ്സിലാക്കാം. 'സാധു' (المسكين) എന്ന് പറഞ്ഞതിൽ കുടുംബബന്ധമുള്ളവരും ഇല്ലാത്തവരും ഉൾപ്പെടും. കുടുംബബന്ധം ഉള്ളവനും കൂടിയാകുമ്പോൾ അവന്റെ അവകാശം ഇരട്ടിക്കുന്നു. 'വഴിപോക്കൻ' (ابن السبيل) എന്ന് പറഞ്ഞതിൽ സ്വഭവനം വിട്ടുപോയി വഴിമധ്യേ നിരാശരായ യാത്രക്കാരും, ആവശ്യമായ യാത്ര പൂർത്തീകരിക്കുവാൻ കഴിവി

ല്ലാതെ വിഷമിക്കുന്നവരും ഉൾപ്പെടുന്നു. അല്ലാഹുവിങ്കൽ ദാനധർമങ്ങൾക്ക് പുണ്യം ലഭിക്കേണമെങ്കിൽ അത് അല്ലാഹുവിന്റെ പ്രീതിയെമാത്രം ഉദ്ദേശിച്ചതായിരിക്കണം. അഥവാ ഐഹികമായ എന്തെങ്കിലും സ്വാർഥമോ നേട്ടമോ ഉദ്ദേശിച്ചാവരുത്. ഈ വസ്തുതയും ക്വുർആൻ പലപ്പോഴും എടുത്തുപറയാറുള്ളതാണ്. അടുത്ത വചനവും നോക്കുക:

وَمَآ ءَاتَيْتُم مِّن رِّبًا لِّيَرْبُوَا۟ فِىٓ أَمْوَٰلِ ٱلنَّاسِ فَلَا يَرْبُوا۟ عِندَ ٱللَّهِ ۖ وَمَآ ءَاتَيْتُم مِّن زَكَوٰةٍ تُرِيدُونَ وَجْهَ ٱللَّهِ فَأُو۟لَٰٓئِكَ هُمُ ٱلْمُضْعِفُونَ ﴿٣٩﴾

《39》 ജനങ്ങളുടെ സ്വത്തുക്കളിൽവെച്ച് വളർന്നുണ്ടാകുവാൻ വേണ്ടി നിങ്ങൾ വല്ല 'രിബാ' യും [വളർത്തുമുതലും] കൊടുക്കുന്നതായാൽ അത് അല്ലാഹുവിന്റെയടുക്കൽ വളരുന്നതല്ല; അല്ലാഹുവിന്റെ പ്രീതിയെ ഉദ്ദേശിച്ചുകൊണ്ട് വല്ല 'സകാത്തും' [ധർമവും] നിങ്ങൾ കൊടുക്കുന്നതായാൽ, അക്കൂട്ടർ തന്നെയാണ് ഇരട്ടിപ്പിക്കുന്നവർ.

《39》 وَمَا آتَيْتُمْ നിങ്ങൾ കൊടുക്കുന്നത്, കൊടുക്കുന്നതായാൽ مِنْ رِبًا വല്ല 'രിബാ' യും (വളർത്തുമുതലും, പലിശയും) لِيَرْبُوَ അത് വളർന്നുണ്ടാകുവാൻ فِي أَمْوَالِ النَّاسِ മനുഷ്യരുടെ സ്വത്തുക്കളിൽ فَلَا يَرْبُو എന്നാലത് വളരുന്നതല്ല عِنْدَ اللَّهِ അല്ലാഹുവിങ്കൽ وَمَا آتَيْتُمْ നിങ്ങൾ കൊടുക്കുന്നത്, കൊടുക്കുന്നതായാൽ مِنْ زَكَاةٍ വല്ല 'സക്കാത്തും تُرِيدُونَ നിങ്ങൾ ഉദ്ദേശിച്ചുകൊണ്ട് وَجْهَ اللَّهِ അല്ലാഹുവിന്റെ മുഖത്തെ (പ്രീതിയെ) فَأُولَٰئِكَ എന്നാലവർ هُمُ അവർ തന്നെയാണ് الْمُضْعِفُونَ ഇരട്ടിപ്പിക്കുന്നവർ

'രിബാ (رِبًا) എന്ന പദത്തിന്റെ ക്രിയാരൂപം 'റബാ' (رَبَا) എന്നാണ്. 'വളർന്നു, വർധിച്ചു, ചീർത്തു, പൊന്തി, കവിഞ്ഞു' എന്നൊക്കെ അതിന് അർഥം വരും. ഇതേ ഭൂതക്രിയയുടെ ഭാവിക്രിയാരൂപമാണ് ഈ ആയത്തിൽ കാണുന്ന 'യർബൂ' (يربو) എന്ന വാക്ക്. അപ്പോൾ, 'രിബാ' എന്ന വാക്കിന് 'വളർച്ച, വർധനവ്' എന്നൊക്കെയാണ് ഭാഷാർഥം. മൂലധനത്തിന്റെ വർധനവായതുകൊണ്ട് 'പലിശ' ക്കും 'രിബാ' എന്ന് പറയുന്നു. കൂടുതൽ വല്ലതും തിരിച്ചു കിട്ടണമെന്ന പ്രതീക്ഷയോടുകൂടി ആർക്കെങ്കിലും എന്തെങ്കിലും– ദാനമായോ ഇനാമായോ –കൊടുക്കുന്നതാണ് ഇവിടെ 'രിബാ' കൊണ്ടുദ്ദേശ്യം എന്നത്രെ മിക്കവാറും ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നത്. അതുകൊണ്ടാണ് 'വളർത്തുമുതൽ' എന്ന് നാം 'രിബാ' ക്ക് ഇവിടെ അർഥം നൽകുന്നത്. ഇങ്ങിനെ കൊടുക്കുന്നത് കേവലം കുറ്റകരമാണെന്ന് പറഞ്ഞുകൂടാ. പക്ഷേ, അത് അല്ലാഹുവിന്റെ പ്രീതിയെയും പ്രതിഫലത്തെയും ഉദ്ദേശിച്ചു ചെയ്യുന്ന കർമമല്ലാത്തതുകൊണ്ട് അതിന് അല്ലാഹുവിങ്കൽ വളർച്ചയും, അഭിവൃദ്ധിയും ഉണ്ടാകുകയില്ല. അഥവാ ഒരു പുണ്യകർമമായി അല്ലാഹു അതിനെ കണക്കാക്കുകയില്ല. ഇത്തരം ദാനധർമങ്ങൾ ചെയ്യരുതെന്ന് നബി ﷺ തിരുമേനിക്ക് ക്വുർആൻ പ്രത്യേകം നിർദേശം നൽകിയിട്ടുണ്ട് ولا تمنن تستكثر – المدثر (അധികം കിട്ടണമെന്നുദ്ദേശിച്ചുകൊണ്ട് നീ ഉപകാരം ചെയ്യരുത്.) പലിശ ലഭിക്കേണമെന്ന ഉദ്ദേശ്യത്തോടുകൂടി അന്യന് കൊടുക്കുന്ന

സ്വത്താണ് ഇവിടെ ഉദ്ദേശ്യമെന്നും, പലിശ വാങ്ങുന്ന ആൾക്ക് അവന്റെ ഇടപാടുകാരൻ കൊടുക്കുന്ന സാധാരണ പലിശ തന്നെയാണുദ്ദേശ്യമെന്നും ചുരുക്കം ചിലരും പ്രസ്താവിച്ചുകാണുന്നു. ഈ രണ്ടു ഇടപാടും തന്നെ അല്ലാഹുവിങ്കൽ വളർച്ചയില്ലാത്തതാണെന്ന് മാത്രമല്ല, കുറ്റകരം കൂടിയാണെന്ന് പറയേണ്ടതില്ലല്ലോ. والله اعلم

'സകാത്ത്' (زكاة) എന്ന പദത്തിനും ഏറെക്കുറെ 'രിബാ' യുടെ അർഥം തന്നെ വരുമെന്ന് പറയാം. 'വളർച്ച, പരിശുദ്ധത, അഭിവൃദ്ധി' എന്നെല്ലാം അതിനും അർഥമുണ്ട്. പക്ഷേ, ആന്തരികമായ വളർച്ചക്കും പരിശുദ്ധിക്കുമാണ് 'സകാത്ത്' ഉപയോഗിക്കുക. ബാഹ്യമായ അഭിവൃദ്ധിയും വളർച്ചയുമാണ് 'രിബാ' കുറിക്കുന്നത്. ദാനധർമങ്ങൾക്ക് പൊതുവിലും, ഇസ്‌ലാമിലെ നിർബന്ധധർമത്തിന് പ്രത്യേകിച്ചും 'സകാത്ത്' എന്ന് ഉപയോഗിക്കുന്നു. അവ ധനത്തെ ശുദ്ധീകരിക്കുകയും, ഉടമസ്ഥന് ആത്മീയ പരിശുദ്ധിയുണ്ടാക്കുകയും ചെയ്യുന്നതാണതിന് കാരണം. ഇവിടെ ഈ രണ്ടർഥവും ഉദ്ദേശിക്കപ്പെടാവുന്നതാണ്. സ്വത്തിൽ വർധനവുണ്ടാകുവാൻ വേണ്ടി- കടമായോ, ധർമമായോ-കൊടുക്കുന്ന 'രിബാ 'യെപ്പോലെയല്ല 'സകാത്താ' യി കൊടുക്കുന്നതിന്റെ ഫലം. അടിയാൻ അല്ലാഹുവിന് നൽകിയ ഒരു കടം പോലെയാണ് അവൻ അതിനെ കണക്കാക്കുന്നത്. അത് തിരിച്ചുകൊടുക്കുമ്പോൾ അനേകം ഇരട്ടിയായി അവൻ തിരിച്ചുകൊടുക്കുകയും ചെയ്യും. പക്ഷേ, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലനവും ലക്ഷ്യംവെച്ചുകൊണ്ടായിരിക്കണം അത് ചെയ്തിരിക്കുന്നത്. അല്ലാഹു പറയുന്നു:

من ذالذى يقرض الله قرضا حسنا فيضاعفه له اضعافا كثيرة – البقرة

(ആരാണ് അല്ലാഹുവിന് നല്ല കടം കൊടുക്കുന്നവർ? എന്നാലവന് വളരെ ഇരട്ടികളായി അവൻ ഇരട്ടിപ്പിച്ചു കൊടുക്കുന്നതാണ്. (അൽബക്വറഃ 245) ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറയുന്നു: 'ഒരാൾ പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്ന് ഒരു കാരക്ക സമാനമുള്ളത് ദാനം ചെയ്താൽ -പരിശുദ്ധമായതിനെയല്ലാതെ അല്ലാഹു സ്വീകരിക്കുകയില്ലതാനും- എന്നാലതിനെ അല്ലാഹു അവന്റെ വലങ്കൈകൊണ്ട് (സന്തോഷത്തോടുകൂടി) സ്വീകരിക്കുന്നതാണ്. പിന്നീട് അതിന്റെ ആൾക്ക് വേണ്ടി, നിങ്ങളിലൊരാൾ തന്റെ കുതിരക്കുട്ടിയെ വളർത്തിവരുന്നത് പോലെ, അവൻ അതിനെ വളർത്തിക്കൊണ്ടിരിക്കും. അങ്ങനെ അതു ഒരു പർവ്വതംപോലെ ആയിത്തീരും.' (ബു; മു.)

ٱللَّهُ ٱلَّذِى خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ۖ هَلْ مِن شُرَكَآئِكُم مَّن يَفْعَلُ مِن ذَٰلِكُم مِّن شَىْءٍ ۚ سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ ﴿٤٠﴾

﴿40﴾ നിങ്ങളെ സൃഷ്ടിച്ചു പിന്നീട് നിങ്ങൾക്ക് ഉപജീവനവും തന്നു, പിന്നീട് നിങ്ങളെ മരണപ്പെടുത്തുകയും, പിന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനത്രെ അല്ലാഹു. അതിൽ നിന്ന് ഏതെങ്കിലും ഒരു കാര്യം ചെയ്യുന്ന വല്ലവരും നിങ്ങളുടെ പങ്കുകാരിൽ [ആരാധ്യൻ] ഉണ്ടോ? അവൻ എത്രയോ പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവൻ ഉന്നതനായുള്ളവനുമാകുന്നു!

വിഭാഗം - 5

ظَهَرَ ٱلْفَسَادُ فِى ٱلْبَرِّ وَٱلْبَحْرِ بِمَا كَسَبَتْ أَيْدِى ٱلنَّاسِ لِيُذِيقَهُم بَعْضَ ٱلَّذِى عَمِلُوا۟ لَعَلَّهُمْ يَرْجِعُونَ ﴿٤١﴾

﴿41﴾ മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു; തങ്ങൾ പ്രവർത്തിച്ചതിൽ ചിലത് [ചിലതിന്റെ ഫലം] അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയാണ് (അത്); അവർ മടങ്ങിയേക്കാമല്ലോ.

قُلْ سِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلُ ۚ كَانَ أَكْثَرُهُم مُّشْرِكِينَ ﴿٤٢﴾

﴿42﴾ (നബിയേ) പറയുക: 'നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുവിൻ, എന്നിട്ട് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുവിൻ'! അവരിൽ അധികമാളുകളും 'മുശ്‌രിക്കുകൾ' [പരദൈവ വിശ്വാസികൾ] ആയിരുന്നു.

﴿40﴾ اللهُ അല്ലാഹു الَّذِي خَلَقَكُمْ നിങ്ങളെ സൃഷ്ടിച്ചവൻ ثُمَّ رَزَقَكُمْ പിന്നീട് നിങ്ങൾക്ക് ഉപജീവനം നൽകി ثُمَّ يُمِيتُكُمْ പിന്നീട് നിങ്ങളെ അവൻ മരണപ്പെടുത്തുകയും ചെയ്യുന്നു ثُمَّ يُحْيِيكُمْ പിന്നീട് നിങ്ങളെ അവൻ ജീവിപ്പിക്കുകയും ചെയ്യുന്നു هَلْ مِنْ شُرَكَائِكُمْ നിങ്ങളുടെ പങ്കുകാരിലുണ്ടോ مَنْ يَفْعَلُ ചെയ്യുന്നവർ مِنْ ذَٰلِكُمْ അതിൽ നിന്ന് مِنْ شَيْءٍ ഏതെങ്കിലുമൊരു കാര്യം سُبْحَانَهُ അവൻ മഹാപരിശുദ്ധൻ അവൻ وَتَعَالَىٰ ഉന്നതനാകുകയും ചെയ്തിരിക്കുന്നു عَمَّا يُشْرِكُونَ അവർ പങ്കുചേർക്കുന്നതിൽ നിന്ന് ﴿41﴾ ظَهَرَ വെളിപ്പെട്ടു, പ്രത്യക്ഷമായി الْفَسَادُ കുഴപ്പം, നാശം فِي الْبَرِّ കരയിൽ وَالْبَحْرِ സമുദ്രത്തിലും بِمَا كَسَبَتْ പ്രവർത്തിച്ചത് നിമിത്തം أَيْدِي النَّاسِ മനുഷ്യരുടെ കൈകൾ لِيُذِيقَهُمْ അവൻ അവർക്ക് ആസ്വദിപ്പിക്കുവാൻ بَعْضَ ചിലത് الَّذِي عَمِلُوا അവർ പ്രവർത്തിച്ച لَعَلَّهُمْ അവരായേക്കാം, ആകുവാൻ يَرْجِعُونَ മടങ്ങും ﴿42﴾ قُلْ നീ പറയുക. سِيرُوا നിങ്ങൾ നടക്കുവിൻ, സഞ്ചരിക്കുവിൻ فِي الْأَرْضِ ഭൂമിയിൽ فَانْظُرُوا എന്നിട്ട് നിങ്ങൾ നോക്കുവിൻ كَيْفَ كَانَ എങ്ങനെയായിരുന്നു عَاقِبَةُ പര്യവസാനം, കലാശം الَّذِينَ مِنْ قَبْلُ മുമ്പുള്ളവരുടെ كَانَ أَكْثَرُهُمْ അവരിലധികവും ആയിരുന്നു مُشْرِكِينَ മുശ്‌രിക്കുകൾ, പരദൈവ വിശ്വാസികൾ

കരയിലും, കടലിലും മനുഷ്യരുടെ പ്രവൃത്തിദോഷങ്ങൾ നിമിത്തമാണ് കുഴപ്പവും നാശവും ഉണ്ടായിത്തീർന്നിരിക്കുന്നത്; എന്നാൽ അവയുടെ മുഴുവൻ ഫലവും അവർക്ക് ഇവിടെ വെച്ച് അല്ലാഹു അനുഭവിപ്പിക്കുന്നില്ല; അവർ ചിന്തിച്ചു പാഠം പഠിച്ചു മടങ്ങുവാനായി ചുരുക്കം ചില പ്രവർത്തനഫലങ്ങൾ മാത്രമേ അനുഭവിപ്പിക്കുന്നുള്ളൂ എന്നാണ് അല്ലാഹു പ്രസ്താവിക്കുന്നത്. തുടർന്നുകൊണ്ട് അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കാതെയും

അവന്റെ നിയമനിർദ്ദേശങ്ങൾ സ്വീകരിക്കാതെയും ഇരുന്നതിനാൽ പല സമുദായങ്ങൾക്കും നേരിട്ട ശിക്ഷകളും, അവരുടെ പര്യവസാനങ്ങളും ആലോചിച്ചുനോക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ശിർക്ക്, അവിശ്വാസം, അക്രമം, ദേഹേച്ഛകൾ ആദിയായവയാണ് ലോകത്തുണ്ടാകുന്ന എല്ലാവിധ നാശനഷ്ടങ്ങൾക്കും കാരണമെന്ന് അൽപം ആലോചിച്ചാൽ അറിയാവുന്നതാണ്. ഉൽപന്നങ്ങളുടെ കുറവ്, അതിവർഷം, വരൾച്ച ആദിയായവയും സമാധാനജീവിതം താറുമാറാകുന്നതുമെല്ലാം തന്നെ മനുഷ്യപ്രവർത്തനങ്ങളാൽ സംഭവിക്കുന്നവയാണ്. അവയിൽ ചിലതിന്റെ കാരണങ്ങൾ നമുക്ക് പ്രത്യക്ഷത്തിൽതന്നെ അറിയാൻ കഴിഞ്ഞേക്കും. ചിലതിന്റെ കാരണങ്ങൾ പ്രത്യക്ഷത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നും വന്നേക്കും. അത്രമാത്രം. പ്രകൃതികോപങ്ങൾ എന്നോ, യാദൃശ്ചിക സംഭവങ്ങൾ എന്നോ നാം വിശേഷിപ്പിക്കാറുള്ള ആപത്തുകൾപോലും ഇതിൽ നിന്ന് ഒഴിവല്ലതന്നെ. അല്ലാഹു പറയുന്നതു നോക്കുക:-

ولو يؤاخذ الله الناس بظلمهم..........................ولا يستقدمون – النحل

മനുഷ്യർ ചെയ്യുന്ന അക്രമം കാരണം അല്ലാഹു അവരെ പിടികൂടുകയായിരുന്നുവെങ്കിൽ അതിന്റെ- ഭൂമിയുടെ-മുകളിൽ യാതൊരു ജീവിയെയും അവൻ ബാക്കി വിട്ടേക്കുമായിരുന്നില്ല. പക്ഷേ, ഒരു നിർണയിക്കപ്പെട്ട അവധി വരേക്കും അവരെ അവൻ താമസിപ്പിക്കുകയാണ് ചെയ്യുന്നത്. അവരുടെ ആ അവധി വന്നു കഴിഞ്ഞാൽ അവർ ഒരു നാഴികനേരം പിന്നോട്ടു പോകുന്നതോ മുന്നോട്ടു പോകുന്നതോ അല്ല' (നഹ്ൽ 61)

ولو ان اهل القرى امنوا..........................الا القوم الخاسرون – الاعراف

ആ രാജ്യക്കാർ -മുമ്പ് നശിപ്പിക്കപ്പെട്ട സമുദായങ്ങൾ-വിശ്വസിക്കുകയും, സൂക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ നാം അവർക്ക് ആകാശത്തുനിന്നും, ഭൂമിയിൽ നിന്നും ബർക്കത്തുകൾ-അഭിവൃദ്ധി മാർഗങ്ങൾ- തുറന്നുകൊടുത്തിരുന്നു. പക്ഷേ, അവർ വ്യാജമാക്കി, അപ്പോൾ അവർ പ്രവർത്തിച്ചുവെച്ചതിന്റെ ഫലമായി നാം അവരെ പിടിച്ചു ശിക്ഷിച്ചു. തങ്ങൾ ഉറങ്ങിക്കൊണ്ടിരിക്കെ രാത്രി സമയത്ത് നമ്മുടെ ശിക്ഷ തങ്ങൾക്ക് വന്നെത്തുന്നതിനെപ്പറ്റി ആ രാജ്യക്കാർ നിർഭയരായിപ്പോയോ? തങ്ങൾ വിളയാടിക്കൊണ്ടിരിക്കെ പൂർവ്വാഹ്ന- ളയുച്ച-സമയത്ത് നമ്മുടെ ശിക്ഷ തങ്ങൾക്ക് വന്നെത്തുന്നതിനെപ്പറ്റി ആ രാജ്യക്കാർ നിർഭയരായിപ്പോയോ? അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി അവർ നിർഭയരായോ?!!! എന്നാൽ, നഷ്ടക്കാരായ ജനങ്ങളല്ലാതെ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി നിർഭയരാകുന്നതല്ല. (അഅ്റാഫ് 96-99) നൂഹ് നബി (അ) തന്റെ ജനങ്ങൾക്ക് നൽകിയ ഉപദേശങ്ങളിൽ അല്ലാഹു ഉദ്ധരിക്കുന്നു:-

فقلت استغفروا ربكم..........................ويجعل لكم انهارا – نوح

ഞാൻ പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുവിൻ. നിശ്ചയമായും അവൻ വളരെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് ആകാശത്തെ -മഴയെ- തുടർച്ചയായി അയച്ചുതരും. സമ്പത്തുകളെക്കൊണ്ടും മക്കളെക്കൊണ്ടും അവൻ നിങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. നിങ്ങൾക്ക് തോട്ടങ്ങൾ ഉണ്ടാക്കിത്തരുകയും ചെയ്യും.' (സൂ: നൂഹ് 10-12) ഇതുപോലെ പല ക്വുർആൻ വചനങ്ങളും ഇവിടെ സ്മരണീയമാണ്.

വേണ്ടത്ര താക്കീതുകളും, ഉപദേശങ്ങളും നൽകിയിട്ടും ജനങ്ങൾ ദുഷ്പ്രവൃത്തികളിൽ നിന്ന് പിൻമാറുന്നില്ലെങ്കിൽ അവർ അവരുടെ പാട്ടിന് നടന്നുകൊള്ളട്ടെ എന്നുവെച്ച് സത്യവിശ്വാസികൾ തങ്ങളുടെ കാര്യം നോക്കിക്കൊള്ളുവാൻ അടുത്ത വചനങ്ങളിൽ അല്ലാഹു നിർദേശിക്കുന്നു:-

فَأَقِمْ وَجْهَكَ لِلدِّينِ ٱلْقَيِّمِ مِن قَبْلِ أَن يَأْتِيَ يَوْمٌ لَّا مَرَدَّ لَهُۥ مِنَ ٱللَّهِ ۖ يَوْمَئِذٍ يَصَّدَّعُونَ ﴿٤٣﴾

《43》 ആകയാൽ, അല്ലാഹുവിൽ നിന്ന് യാതൊരു തടവും ഉണ്ടായിരിക്കാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി നീ നിന്റെ മുഖം (വക്രത കൂടാതെ) ശരിയായി നിൽക്കുന്ന (ഈ) മതത്തിലേക്ക് നേരെയാക്കി നിർത്തിക്കൊള്ളുക. അന്നേ ദിവസം അവർ പിളർന്നു പിരിയുന്നതാകുന്നു.

《43》 فَأَقِمْ അതുകൊണ്ട് ശരിക്ക് നിറുത്തുക وَجْهَكَ നിന്റെ മുഖം لِلدِّينِ മതത്തിലേക്ക് الْقَيِّمِ ശരിയായി നിലകൊള്ളുന്ന (വക്രതയില്ലാത്ത) مِن قَبْلِ أَن يَأْتِيَ വരുന്നതിന് മുമ്പ് يَوْمٌ ഒരു ദിവസം لَا مَرَدَّ യാതൊരു തടവും (പ്രതിരോധവും) ഇല്ലാത്ത لَهُ അതിന് مِنَ اللَّهِ അല്ലാഹുവിൽ നിന്ന് يَوْمَئِذٍ അന്നത്തെ ദിവസം يَصَّدَّعُونَ അവർ പിളരുന്നതാണ്, പിരിയും

തടവില്ലാത്ത ദിവസം എന്ന് പറഞ്ഞത് ഖിയാമത്ത് നാളിനെ ഉദ്ദേശിച്ചാകുന്നു. അന്ന് മനുഷ്യർ, നല്ലവരും, ചീത്തപ്പെട്ടവരും എന്നിങ്ങനെ വേർപിരിയുന്നതും, ഒരു വിഭാഗം സ്വർഗത്തിലും, മറ്റേ വിഭാഗം നരകത്തിലും പ്രവേശിക്കുന്നതുമാണ്.

مَن كَفَرَ فَعَلَيْهِ كُفْرُهُۥ ۖ وَمَنْ عَمِلَ صَٰلِحًا فَلِأَنفُسِهِمْ يَمْهَدُونَ ﴿٤٤﴾

《44》 ആർ അവിശ്വസിച്ചുവോ അവന്റെ അവിശ്വാസം അവന്റെ മേൽ തന്നെയായിരിക്കും. (ദോഷം ചെയ്യുക). ആർ സൽക്കർമം പ്രവർത്തിച്ചുവോ അവർ തങ്ങൾക്ക്തന്നെ സൗകര്യമൊരുക്കുകയും ചെയ്യുന്നു.

لِيَجْزِيَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ مِن فَضْلِهِۦٓ ۚ إِنَّهُۥ لَا يُحِبُّ ٱلْكَٰفِرِينَ ﴿٤٥﴾

《45》 വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക്(അല്ലാഹു) അവന്റെ അനുഗ്രഹത്തിൽ നിന്ന് പ്രതിഫലം കൊടുക്കുവാൻ വേണ്ടിയാണ് (അത്). നിശ്ചയമായും അവൻ അവിശ്വാസികളെ ഇഷ്ടപ്പെടുന്നതല്ല.

وَمِنْ ءَايَٰتِهِۦٓ أَن يُرْسِلَ ٱلرِّيَاحَ مُبَشِّرَٰتٍ وَلِيُذِيقَكُم مِّن رَّحْمَتِهِۦ

《46》 അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്, സന്തോഷവാർത്ത അറിയിക്കുവാനായിക്കൊണ്ട് കാറ്റുകളെ അവൻ അയക്കുന്നത്.

അവന്റെ കാരുണ്യത്തിൽ നിന്ന് (ചിലത്) നിങ്ങൾക്ക് ആസ്വദിപ്പിക്കുവാനും,

وَلِتَجۡرِيَ ٱلۡفُلۡكُ بِأَمۡرِهِۦ وَلِتَبۡتَغُواْ مِن فَضۡلِهِۦ وَلَعَلَّكُمۡ تَشۡكُرُونَ ﴿٤٦﴾

അവന്റെ കല്പനപ്രകാരം കപ്പലുകൾ സഞ്ചരിക്കുവാനും, അവന്റെ അനുഗ്രഹത്തിൽ നിന്നും നിങ്ങൾ (ഉപജീവനം) അന്വേഷിക്കുവാനും വേണ്ടിയാകുന്നു (അത്), നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടിയുമാണ്

كُفْرُهُ ﴿44﴾ مَنْ كَفَرَ ആർ വിശ്വസിച്ചു فَعَلَيْهِ എന്നാൽ അവന്റെമേൽ തന്നെയാണ് كُفْرُهُ
فَلِأَنْفُسِهِمْ അവന്റെ അവിശ്വാസം وَمَنْ عَمِلَ ആർ പ്രവർത്തിച്ചു صَالِحًا സൽക്കർമ്മം, നല്ലത്
എന്നാൽ അവർക്ക് തന്നെ يَمْهَدُونَ അവർ സൗകര്യമൊരുക്കുന്നു, തയ്യാറാക്കിവെക്കുന്നു. ﴿45﴾
لِيَجْزِيَ അവൻ പ്രതിഫലം കൊടുക്കുവാൻ വേണ്ടി الَّذِينَ آمَنُوا വിശ്വസിച്ചവർക്ക്
وَعَمِلُوا الصَّالِحَاتِ സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്ത مِنْ فَضْلِهِ അവന്റെ അനുഗ്ര
ഹത്തിൽ നിന്ന്, അനുഗ്രഹത്താൽ إِنَّهُ നിശ്ചയമായും അവൻ لَا يُحِبُّ ഇഷ്ടപ്പെടുന്നതല്ല,
സ്നേഹിക്കുന്നില്ല الْكَافِرِينَ അവിശ്വാസികളെ ﴿46﴾ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്ത
ങ്ങളിൽപെട്ടതാണ് أَنْ يُرْسِلَ അവൻ അയക്കുന്നത് الرِّيَاحَ കാറ്റുകളെ مُبَشِّرَاتٍ സന്തോഷ
വാർത്ത അറിയിക്കുന്നവയായിട്ട് وَلِيُذِيقَكُمْ നിങ്ങൾക്ക് ആസ്വദിപ്പിക്കുവാനും مِنْ رَحْمَتِهِ
അവന്റെ കാരുണ്യത്തിൽനിന്ന് وَلِتَجْرِيَ നടക്കുവാനും, സഞ്ചരിക്കുവാനും الْفُلْكُ കപ്പൽ
بِأَمْرِهِ അവന്റെ കൽപനപ്രകാരം وَلِتَبْتَغُوا നിങ്ങൾ അന്വേഷിക്കുവാനും, തേടുവാനും,
مِنْ فَضْلِهِ അവന്റെ അനുഗ്രഹത്തിൽ നിന്ന് وَلَعَلَّكُمْ നിങ്ങൾ ആയേക്കുവാനും, ആയേക്കാം
تَشْكُرُونَ നന്ദി ചെയ്യുന്ന, നന്ദി കാണിക്കുന്ന(വർ)

മഴ വർഷിക്കുവാൻ പോകുന്നുവെന്നും, ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ അടുത്തിരിക്കുന്നുവെന്നും സൂചിപ്പിക്കുന്നവയാണല്ലോ കാറ്റുകൾ. അതുകൊണ്ടാണ് അവയെപ്പറ്റി مُبَشِّرَاتٍ (സന്തോഷവാർത്ത അറിയിക്കുന്നവ) എന്ന് പറഞ്ഞത്. ആവിയന്ത്രക്കപ്പലുകൾ ഉണ്ടാകുന്നതിന് മുമ്പ് കടലിൽ സഞ്ചരിക്കുന്ന എല്ലാതരം കപ്പലുകൾക്കും കാറ്റിന്റെ സഹായം അനിവാര്യമാണ്. യന്ത്രക്കപ്പലുകൾക്ക് കാറ്റിനെ സാധാരണയായി അവലംബിക്കേണ്ടതില്ലെങ്കിലും, കാറ്റിന്റെ ഗതിയും വേഗതയും പാകം തെറ്റാതിരിക്കുന്നത് അതിനും ആവശ്യംതന്നെ. അതുകൊണ്ടാണ് അവന്റെ കല്പനപ്രകാരം കപ്പലുകൾ സഞ്ചരിക്കുവാനും എന്ന് പ്രസ്താവിച്ചത്. കാറ്റുകൊണ്ടുണ്ടാകുന്ന പല പ്രയോജനങ്ങളും ഓർമിപ്പിച്ചശേഷം 'നിങ്ങൾ നന്ദി ചെയ്വാൻ വേണ്ടിയും' (وَلَعَلَّكُمْ تَشْكُرُونَ) എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു.

وَلَقَدۡ أَرۡسَلۡنَا مِن قَبۡلِكَ رُسُلًا إِلَىٰ قَوۡمِهِمۡ فَجَآءُوهُم بِٱلۡبَيِّنَٰتِ

﴿47﴾ നിനക്ക് മുമ്പ് പല റസൂലുകളെ [ദൈവദൂതൻമാരെ] യും അവരുടെ ജനതയിലേക്ക് നാം അയക്കുകയുണ്ടായിട്ടുണ്ട്.എന്നിട്ട് അവർ അവർക്ക് വ്യക്തമായ തെളിവുകളും കൊണ്ടു ചെന്നു. (അവരത് നിഷേധിച്ചു)

فَٱنتَقَمۡنَا مِنَ ٱلَّذِينَ أَجۡرَمُواْۖ وَكَانَ حَقًّا عَلَيۡنَا نَصۡرُ ٱلۡمُؤۡمِنِينَ ﴿٤٧﴾

അപ്പോൾ, കുറ്റം പ്രവർത്തിച്ചവരോട് നാം പ്രതികാര നടപടിയെടുത്തു. നമ്മുടെ മേൽ കടമയായിരുന്നു സത്യവിശ്വാസികളെ സഹായിക്കൽ. (അത് നാം നിർവ്വഹിച്ചു.)

ٱللَّهُ ٱلَّذِي يُرۡسِلُ ٱلرِّيَٰحَ فَتُثِيرُ سَحَابٗا فَيَبۡسُطُهُۥ فِي ٱلسَّمَآءِ كَيۡفَ يَشَآءُ وَيَجۡعَلُهُۥ كِسَفٗا فَتَرَى ٱلۡوَدۡقَ يَخۡرُجُ مِنۡ خِلَٰلِهِۦۖ فَإِذَآ أَصَابَ بِهِۦ مَن يَشَآءُ مِنۡ عِبَادِهِۦٓ إِذَا هُمۡ يَسۡتَبۡشِرُونَ ﴿٤٨﴾

﴿48﴾ അല്ലാഹുവത്രെ കാറ്റുകളെ അയക്കുന്നവൻ. എന്നിട്ട് അവ മേഘത്തെ ഇളക്കിവിടുന്നു; അങ്ങനെ അവൻ ഉദ്ദേശിക്കുന്ന പ്രകാരം ആകാശത്തിൽ അതിനെ അവൻ പരത്തുന്നു; അതിനെ തുണ്ടങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ, അതിനിടയിൽ നിന്ന് മഴ പുറത്തുവരുന്നതായി നിനക്കു കാണാം. എന്നിട്ട് തന്റെ അടിയാന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അതിനെ എത്തിച്ചുകൊടുത്താൽ അപ്പോഴതാ അവർ സന്തോഷം പ്രകടിപ്പിക്കുന്നു!

وَإِن كَانُواْ مِن قَبۡلِ أَن يُنَزَّلَ عَلَيۡهِم مِّن قَبۡلِهِۦ لَمُبۡلِسِينَ ﴿٤٩﴾

﴿49﴾ നിശ്ചയമായും അവരിൽ അത് [മഴ] ഇറക്കപ്പെടുന്നതിന് മുമ്പ്- ഇതിന് മുമ്പായി അവർ -നിരാശപ്പെട്ടവരായിരുന്നു.

﴿47﴾ وَلَقَدۡأَرۡسَلۡنَا നാം അയക്കുകയുണ്ടായിട്ടുണ്ട് مِن قَبۡلِكَ നിനക്ക് മുമ്പ് رُسُلًا പല റസൂലുകളെയും إِلَىٰ قَوۡمِهِمۡ അവരുടെ ജനതയിലേക്ക് فَجَآءُوهُم എന്നിട്ടവർ അവരുടെ അടുക്കൽ ചെന്നു بِٱلۡبَيِّنَٰتِ തെളിവുകളും കൊണ്ട് فَٱنتَقَمۡنَا അപ്പോൾ നാം പ്രതികാര നടപടി എടുത്തു مِنَ ٱلَّذِينَ أَجۡرَمُوا കുറ്റം പ്രവർത്തിച്ചവരോട് وَكَانَ ആയിരുന്നു, ആകുന്നു حَقًّا കടമ, മുറ عَلَيۡنَا നമ്മുടെ മേൽ نَصۡرُ ٱلۡمُؤۡمِنِينَ സത്യവിശ്വാസികളെ സഹായിക്കൽ ﴿48﴾ ٱللَّهُ ٱلَّذِي അല്ലാഹു യാതൊരുവനത്രെ يُرۡسِلُ അയക്കുന്നു ٱلرِّيَٰحَ കാറ്റുകളെ فَتُثِيرُ എന്നിട്ടവ ഇളക്കി വിടുന്നു سَحَابًا മേഘത്തെ فَيَبۡسُطُهُ എന്നിട്ടതിനെ അവൻ പരത്തുന്ന فِي ٱلسَّمَآءِ ആകാശത്തിൽ كَيۡفَ يَشَآءُ അവൻ ഉദ്ദേശിക്കുന്ന പ്രകാരം وَيَجۡعَلُهُ അതിനെ അവൻ ആക്കുകയും ചെയ്യുന്നു كِسَفًا തുണ്ടങ്ങൾ فَتَرَى അപ്പോൾ നീ കാണും, നിനക്ക് കാണാം ٱلۡوَدۡقَ മഴ يَخۡرُجُ പുറത്തുവരുന്നതായി مِنۡ خِلَٰلِهِ അതിന്റെ ഇടയിൽ നിന്ന് فَإِذَآ أَصَابَ എന്നിട്ടവൻ

എത്തിച്ചാൽ, ബാധിപ്പിച്ചാൽ, بِهِۦ അതിനെ مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് مِنْ عِبَادِهِۦ തന്റെ
അടിയാന്മാരിൽ നിന്ന് إِذَا هُمْ അപ്പോഴതാ അവർ يَسْتَبْشِرُونَ സന്തോഷം പ്രകടിപ്പിക്കുന്നു
《49》 وَإِنْ كَانُوا നിശ്ചയമായും അവരായിരുന്നു مِنْ قَبْلِ മുമ്പ് أَنْ يُنَزَّلَ അത് ഇറക്കപ്പെടുന്ന
തിന് عَلَيْهِمْ അവരിൽ مِنْ قَبْلِهِۦ ഇതിനു മുമ്പായി لَمُبْلِسِينَ നിരാശപ്പെട്ടവർ തന്നെ.

فَٱنظُرْ إِلَىٰٓ ءَاثَٰرِ رَحْمَتِ ٱللَّهِ كَيْفَ يُحْيِ ٱلْأَرْضَ بَعْدَ مَوْتِهَآ ۚ إِنَّ ذَٰلِكَ لَمُحْيِ ٱلْمَوْتَىٰ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٥٠﴾

《50》 അപ്പോൾ, അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഫലങ്ങളിലേക്ക് നോക്കുക; ഭൂമി നിർജീവമായിരുന്നതിന് ശേഷം എങ്ങിനെയാണ് അവൻ അതിനെ ജീവിപ്പിക്കുന്നതെന്ന്! നിശ്ചയമായും, (അത് പ്രവർത്തിച്ച) അവൻ മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവൻ തന്നെയാണ്; അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

وَلَئِنْ أَرْسَلْنَا رِيحًا فَرَأَوْهُ مُصْفَرًّا لَّظَلُّوا۟ مِنۢ بَعْدِهِۦ يَكْفُرُونَ ﴿٥١﴾

《51》 നാം ഒരു കാറ്റ് അയച്ചിട്ട് (അത് കൃഷിയെ നശിപ്പിച്ചു) മഞ്ഞ വർണം പൂണ്ടതായി അവർ കണ്ടുവെങ്കിലോ, തീർച്ചയായും അതിന് [ആ സന്തോഷത്തിനു] ശേഷം അവർ നന്ദികേട് കാണിക്കുന്നവരായിത്തീരുന്നതാണ്.

《50》 فَانْظُرْ അപ്പോൾ നീ നോക്കുക (ആലോചിക്കുക) إِلَىٰ آثَارِ ഫലങ്ങളിലേക്ക്, അടയാ
ളങ്ങളിലേക്ക് رَحْمَتِ اللهِ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ كَيْفَ എപ്രകാരം يُحْيِي അവൻ
ജീവിപ്പിക്കുന്നു الأَرْضَ ഭൂമിയെ بَعْدَ مَوْتِهَا അതിന്റെ നിർജീവതക്ക് ശേഷം إِنَّ ذَٰلِكَ നിശ്ചയ
മായും (അങ്ങിനെയുള്ള) അവൻ لَمُحْيِي الْمَوْتَىٰ മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവൻ തന്നെ
وَهُوَ അവൻ عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ്
《51》 وَلَئِنْ أَرْسَلْنَا നാം അയച്ചുവെങ്കിലോ رِيحًا ഒരു കാറ്റ് فَرَأَوْهُ എന്നിട്ടതിനെ അവർ
കണ്ടു مُصْفَرًّا മഞ്ഞവർണമുള്ളതായി لَظَلُّوا തീർച്ചയായും അവർ ആയിത്തീരും مِنْ بَعْدِهِ
അതിന് ശേഷം يَكْفُرُونَ നന്ദികേട് കാണിക്കും.

കാറ്റുകൾ മേഘത്തെ ഇളക്കിവിട്ടശേഷം ചിലപ്പോൾ ആകാശത്തിൽ വ്യാപിച്ചു ഉപരിഭാഗം മൂടി ധാരാളം മഴ വർഷിക്കുന്നു. ചിലപ്പോൾ മേഘം പല തുണ്ടങ്ങളായി അവിടവിടെ ചിന്നിച്ചിതറിപ്പോകുകയും ചെയ്യുന്നു. ഇതിനെപ്പറ്റിയാണ് 48-ാം വചനത്തിൽ അവൻ ഉദ്ദേശിക്കുന്ന പ്രകാരം അതിനെ ആകാശത്തിൽ പരത്തുന്നുവെന്നും, തുണ്ടങ്ങളാക്കുന്നുവെന്നും പ്രസ്താവിച്ചത്. മഴയുടെ ആവശ്യം ഉള്ളവർക്കെല്ലാം മഴ ലഭിച്ചുകൊള്ളണമെന്നില്ല.

ആർക്കെല്ലാമാണ് ആ അനുഗ്രഹം എത്തിച്ചുകൊടുക്കേണ്ടതെന്ന കാര്യം അല്ലാഹുവാണ് നിശ്ചയിക്കുന്നത്. അതിൽ മറ്റാർക്കും കയ്യില്ല. ഈ വസ്തുതയാണ്, തന്റെ അടിയാന്മാരിൽ താൻ ഉദ്ദേശിക്കുന്നവർക്ക് അതിനെ എത്തിച്ചാൽ (فأذا اصاب به من يشاء من عباده) എന്ന് പറഞ്ഞത്. മഴക്ക്‌വേണ്ടി കാത്തിരുന്നും, മഴകിട്ടാതെ വിഷമിച്ചും നിരാശയടഞ്ഞശേഷം മഴ വർഷിക്കുമ്പോഴാണല്ലോ കൂടുതൽ സന്തോഷം ഉണ്ടാകുക. അതാണ് 49-ാം വചനം ചൂണ്ടിക്കാട്ടുന്നത്. മഴ പെയ്തതിനെ തുടർന്നു ഭൂമി ജീവസ്സുള്ളതാകുകയും, സസ്യലതാദികൾ ഉണ്ടാവുകയും ചെയ്യുന്നതുപോലെ, മനുഷ്യൻ മരണമടഞ്ഞശേഷം അല്ലാഹു അവനെ പുനരുജ്ജീവിപ്പിക്കുമെന്നും ഇത് അതിന് തെളിവ് നൽകുന്നുവെന്നും 50- ാം വചനത്തിൽ പ്രസ്താവിക്കുന്നു.

51 ൽ മനുഷ്യന്റെ ഒരു ദുഃസ്വഭാവത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. മേൽപറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ കാണുകയും ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യന് എപ്പോഴെങ്കിലും ഒരു കാറ്റ് ഉപദ്രവം വരുത്തുകയും, അത്മൂലം അവന്റെ വിളവുകൾ നശിക്കുകയും, ചെയ്തുപോയെങ്കിൽ, അവൻ അല്ലാഹുവിന്റെ നിത്യാനുഗ്രഹങ്ങളെല്ലാം മറന്നുകൊണ്ട് നന്ദികെട്ടവനായിത്തീരുന്നു. എന്നിട്ടവൻ അല്ലാഹുവിന്റെ പേരിൽ ആക്ഷേപവും പുറപ്പെടുവിക്കും. കാറ്റിനെ പഴിക്കും, 'പ്രകൃതി' യെ ദുഷിക്കും, നഷ്ടം കണക്ക്കൂട്ടി കുപിതനാകും, അങ്ങിനെ പലതും. പക്ഷേ, യഥാർഥ വിശ്വാസികളിൽ നിന്ന് ഇങ്ങിനെ സംഭവിക്കുകയില്ല. നബിﷺ പറഞ്ഞതുപോലെ അവർ സന്തോഷത്തിൽ നന്ദിയുള്ളവരും, സന്താപത്തിൽ ക്ഷമയുള്ളവരുമായിരിക്കും. വിളകൾക്ക് ഉണക്കം, പഴുപ്പ് മുതലായ നാശങ്ങൾ ബാധിക്കുവാൻ കാറ്റ് കാരണമാകുന്നതുകൊണ്ടാണ് 'അത് മഞ്ഞവർണം പൂണ്ടതായി കണ്ടു' (فرأوه مصفرا) എന്നു പറഞ്ഞിരിക്കുന്നത്.

فَإِنَّكَ لَا تُسْمِعُ ٱلْمَوْتَىٰ وَلَا تُسْمِعُ ٱلصُّمَّ ٱلدُّعَآءَ إِذَا وَلَّوْا۟ مُدْبِرِينَ ﴿٥٢﴾

﴾52﴿ (നബിയേ) എന്നാൽ, മരണപ്പെട്ടവരെ നീ കേൾപ്പിക്കുകയില്ല; ബധിരൻമാരെയും -അവർ പിന്നോട്ട് തിരിഞ്ഞുപോയാൽ- നീ വിളി കേൾപ്പിക്കുന്നതല്ല.

وَمَآ أَنتَ بِهَـٰدِ ٱلْعُمْىِ عَن ضَلَـٰلَتِهِمْ ۖ إِن تُسْمِعُ إِلَّا مَن يُؤْمِنُ بِـَٔايَـٰتِنَا فَهُم مُّسْلِمُونَ ﴿٥٣﴾

﴾53﴿ അന്ധൻമാരെ, അവരുടെ പിഴവിൽ നിന്നു (മാറ്റി) നേർവഴി കാട്ടുന്നവനുമല്ല നീ. നമ്മുടെ ലക്ഷ്യങ്ങളിൽ വിശ്വസിക്കുകയും, അങ്ങനെ തങ്ങൾ 'മുസ്‌ലിംകൾ' [കീഴൊതുക്കമുള്ളർ] ആയിരിക്കുകയും ചെയ്യുന്നവർക്കല്ലാതെ നീ കേൾപ്പിക്കുന്നതല്ല.

﴾52﴿ فَإِنَّكَ എന്നാൽ നിശ്ചയമായും നീ لَا تُسْمِعُ കേൾപ്പിക്കുകയില്ല الْمَوْتَىٰ മരണപ്പെട്ടവരെ وَلَا تُسْمِعُ നീ കേൾപ്പിക്കുന്നതുമല്ല الصُّمَّ ബധിരൻമാരെ الدُّعَاءَ വിളി إِذَا وَلَّوْا അവർ തിരിഞ്ഞുപോയാൽ مُدْبِرِينَ പിന്നോക്കം വെച്ചവരായി ﴾53﴿ وَمَا أَنْتَ നീ അല്ലതാനും بِهَادِ الْعُمْيِ അന്ധൻമാരെ നേർവഴിക്കാക്കുന്നവൻ عَنْ ضَلَالَتِهِمْ അവരുടെ വഴിപിഴവിൽ നിന്ന്

إِن تُسْمِعُ നീ കേൾപ്പിക്കയില്ല إِلَّا مَن يُؤْمِنُ വിശ്വസിക്കുന്നവരെയല്ലാതെ بِآيَاتِنَا നമ്മുടെ ലക്ഷ്യ ങ്ങളിൽ, ദൃഷ്ടാന്തങ്ങളിൽ فَهُم എന്നിട്ടവൻ مُسْلِمُونَ മുസ്‌ലിംകളാണ് (അങ്ങിനെയുള്ള)

സൂറത്തുന്നംല് 80, 81 എന്നീ വചനങ്ങളും അവയുടെ വിവരണവും നോക്കുക. അവിടെ പ്രസ്താവിച്ചതെല്ലാം ഇവിടെയും ഓർക്കേണ്ടതാണ്.

വിഭാഗം - 6

۞ ٱللَّهُ ٱلَّذِى خَلَقَكُم مِّن ضَعْفٍ ثُمَّ جَعَلَ مِنۢ بَعْدِ ضَعْفٍ قُوَّةً ثُمَّ جَعَلَ مِنۢ بَعْدِ قُوَّةٍ ضَعْفًا وَشَيْبَةً ۚ يَخْلُقُ مَا يَشَآءُ ۖ وَهُوَ ٱلْعَلِيمُ ٱلْقَدِيرُ ﴿٥٤﴾

﴿54﴾ നിങ്ങളെ ബലഹീനതയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയവനത്രെ അല്ലാഹു. പിന്നീട്, ബലഹീനതക്ക് ശേഷം അവൻ (നിങ്ങൾക്ക്) ശക്തിയുണ്ടാക്കി; പിന്നെ, ശക്തിക്ക് ശേഷം ബലഹീനതയും, നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു; സർവ്വജ്ഞനും സർവശക്തനുമായുള്ളവൻ അവൻ തന്നെ.

﴿54﴾ اللّٰهُ الَّذِي അല്ലാഹു യാതൊരുവനത്രെ خَلَقَكُمْ അവൻ നിങ്ങളെ സൃഷ്ടിച്ചു مِنْ ضَعْفٍ ബലഹീനത (ദുർബലത)യിൽ നിന്ന് ثُمَّ جَعَلَ പിന്നെ അവൻ ഉണ്ടാക്കി مِنْ بَعْدِ ضَعْفٍ ബലഹീനതക്ക് ശേഷം قُوَّةً ശക്തി ثُمَّ جَعَلَ പിന്നെ അവൻ ഉണ്ടാക്കി مِنْ بَعْدِ قُوَّةٍ ശക്തിക്ക് ശേഷം ضَعْفًا ബലഹീനത وَشَيْبَةً നരയും يَخْلُقُ അവൻ സൃഷ്ടിക്കുന്നു مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത് وَهُوَ അവൻ തന്നെ, അവനത്രെ الْعَلِيمُ സർവ്വജ്ഞൻ, അറിവുള്ളവൻ الْقَدِيرُ സർവശക്തൻ, കഴിവുള്ളവൻ

ضَعْف എന്നും ضُعْف എന്നും ഈ ആയത്തിൽ വായനയുണ്ട്. അർഥം ഒന്നുതന്നെ. പക്ഷി മൃഗാദികൾ ജനിക്കുമ്പോൾ അവയ്ക്ക് അത്യാവശ്യമായി ചില കഴിവുകളെല്ലാം നൽകപ്പെട്ടിരിക്കുന്നത് കാണാം. എന്നാൽ കേവലം സൃഷ്ടികളിൽ ഉന്നതസ്ഥാനം വഹിക്കുന്ന മനുഷ്യനോ? യാതൊരു കഴിവും അറിവും ഇല്ലാത്തവനായിട്ടാണ് അവൻ പിറക്കുന്നത്. ക്രമേണ അവൻ അറിവും, ശക്തിയും ആർജ്ജിക്കുകയും ലോകസൃഷ്ടികളുടെ നേതൃത്വം അവകാശപ്പെടുവാൻ തക്കവണ്ണം യോഗ്യനായിത്തീരുകയും ചെയ്യുന്നു. കുറേ കഴിയുമ്പോൾ വീണ്ടും ഗതി കീഴ്പോട്ടുവെക്കുന്നു. ഒടുക്കം പിറന്നപ്പോഴത്തെ അവസ്ഥയിലേക്ക് തന്നെ തിരിച്ചുചെല്ലുന്നു. മനുഷ്യന്റെ പുനരുത്ഥാനത്തിനും അവന്റെ സ്രഷ്ടാവായ അല്ലാഹുവിന്റെ സർവജ്ഞതക്കും അപാരമായ കഴിവിനും ഇതു മതിയായ തെളിവുതന്നെ. ഈ യാഥാർഥ്യത്തെ നിഷേധിക്കുന്നവർക്ക് പുനരുത്ഥാനദിവസം എത്രമാത്രം ഭയങ്കരമായിരിക്കുമെന്ന് അടുത്തവചനം ചൂണ്ടിക്കാട്ടുന്നു:-

وَيَوْمَ تَقُومُ ٱلسَّاعَةُ يُقْسِمُ ٱلْمُجْرِمُونَ مَا لَبِثُوا۟ غَيْرَ سَاعَةٍ ۚ كَذَٰلِكَ كَانُوا۟ يُؤْفَكُونَ ﴿٥٥﴾

《55》 അന്ത്യസമയം നിലനിൽക്കുന്ന ദിവസം കുറ്റവാളികൾ സത്യം ചെയ്യും; 'ഒരു നാഴിക നേരമല്ലാതെ തങ്ങൾ (ഇഹത്തിൽ) കഴിഞ്ഞുകൂടിയിട്ടില്ല' എന്ന്! അപ്രകാരമായിരുന്നു അവർ (സത്യത്തിൽ) തിരിക്കപ്പെട്ടിരുന്നത്.

《55》 وَيَوْمَ تَقُومُ നിലനിൽക്കുന്ന ദിവസം ٱلسَّاعَةُ അന്ത്യസമയം يُقْسِمُ സത്യം ചെയ്യും ٱلْمُجْرِمُونَ കുറ്റവാളികൾ مَا لَبِثُوا۟ അവർ കഴിഞ്ഞുകൂടിയിട്ടില്ല, താമസിച്ചിട്ടില്ല എന്ന് غَيْرَ سَاعَةٍ ഒരു നാഴികയല്ലാതെ كَذَٰلِكَ അപ്രകാരം كَانُوا۟ അവരായിരുന്നു يُؤْفَكُونَ തിരിക്കപ്പെടുക, നുണയിലകപ്പെടുക.

അന്ത്യനാളിലെ അതിഭയങ്കരങ്ങളായ അറ്റമില്ലാത്ത അനുഭവങ്ങൾ കാണുമ്പോൾ കുറ്റവാളികളായ ആളുകൾക്ക് തങ്ങളുടെ ഇഹലോകവാസക്കാലം വളരെ നിസ്സാരമായിരുന്നുവെന്ന് തോന്നും. വാസ്തവത്തിൽ കുറേ കൊല്ലങ്ങൾ അവർ ഇതിനുമുമ്പ് കഴിച്ചുകൂട്ടിയിട്ടുണ്ടെങ്കിലും പരിഭ്രാന്തിയുടെ ആധിക്യം നിമിത്തം സത്യാവസ്ഥ ഓർമിക്കുവാൻ അവർക്ക് സാധിക്കുന്നതല്ല. ഇതുപോലെതന്നെയാണ് മുമ്പ് ഇഹത്തിൽവെച്ച് അവർ സത്യത്തിൽ നിന്ന് വ്യതിചലിച്ചു കുറ്റവാളികളായിത്തീർന്നതും. എന്നാൽ സത്യവിശ്വാസികളായ സജ്ജനങ്ങളുടെ നില ഇതായിരിക്കുകയില്ല, അല്ലാഹു പറയുന്നു:-

وَقَالَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ وَٱلْإِيمَٰنَ لَقَدْ لَبِثْتُمْ فِى كِتَٰبِ ٱللَّهِ إِلَىٰ يَوْمِ ٱلْبَعْثِ ۖ فَهَٰذَا يَوْمُ ٱلْبَعْثِ وَلَٰكِنَّكُمْ كُنتُمْ لَا تَعْلَمُونَ ﴿٥٦﴾

《56》 അറിവും, സത്യവിശ്വാസവും നൽകപ്പെട്ടിട്ടുള്ളവർ പറയുന്നതാണ്; 'അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം) പുനരുത്ഥാന ദിവസംവരേക്കും തീർച്ചയായും നിങ്ങൾ കഴിഞ്ഞുകൂടിയിട്ടുണ്ട്. എന്നാൽ, ഇതാ പുനരുത്ഥാനദിവസം. പക്ഷേ, നിങ്ങൾ (അതിനെപ്പറ്റി) അറിയാതിരിക്കുകയായിരുന്നു;

فَيَوْمَئِذٍ لَّا يَنفَعُ ٱلَّذِينَ ظَلَمُوا۟ مَعْذِرَتُهُمْ وَلَا هُمْ يُسْتَعْتَبُونَ ﴿٥٧﴾

《57》 അപ്പോൾ, അക്രമം പ്രവർത്തിച്ചവർക്ക് അന്നത്തെ ദിവസം അവരുടെ ഒഴികഴിവ് ഉപകാരം ചെയ്യുകയില്ല; അവരോട് (ഖേദിച്ചുമടങ്ങി) തൃപ്തിപ്പെടുത്തുവാനാവശ്യപ്പെടുന്നതുമല്ല. (അഥവാ മടക്കം അനുവദിക്കപ്പെടുകയില്ല.)

وَالإِيمَانَ യാതൊരു കൂട്ടർ പറയും أُوتُوا الْعِلْمَ അറിവു നൽകപ്പെട്ട وَقَالَ الَّذِينَ ﴾56﴿
സത്യവിശ്വാസവും لَقَدْ لَبِثْتُمْ തീർച്ചയായും നിങ്ങൾ കഴിഞ്ഞുകൂടിയിട്ടുണ്ട് فِي كِتَابِ اللهِ അല്ലാ
ഹുവിന്റെ ഗ്രന്ഥത്തിൽ, രേഖയിൽ إِلَى يَوْمِ الْبَعْثِ പുനരുത്ഥാനത്തിന്റെ (എഴുന്നേൽപിന്റെ)
ദിവസം വരെ فَهَذَا എന്നാലിതാ يَوْمُ الْبَعْثِ പുനരുത്ഥാന ദിവസം وَلَٰكِنَّكُمْ പക്ഷേ
നിങ്ങൾ كُنْتُمْ നിങ്ങളായിരുന്നു لَا تَعْلَمُونَ നിങ്ങളറിയാതെ ﴾57﴿ فَيَوْمَئِذٍ അപ്പോൾ അന്ന്
لَا يَنْفَعُ ഉപകാരം ചെയ്കയില്ല الَّذِينَ ظَلَمُوا അക്രമം ചെയ്തവർക്ക് مَعْذِرَتُهُمْ അവരുടെ ഒഴി
കഴിവ് وَلَا هُمْ അവരല്ലതാനും يُسْتَعْتَبُونَ അവരോട് തൃപ്തിപ്പെടുത്തുവാൻ (മടക്കം പ്രകടി
പ്പിക്കുവാൻ) ആവശ്യപ്പെടുക (ഇല്ല)

സത്യവിശ്വാസവും പരലോകത്തെ സംബന്ധിച്ചുള്ള അറിവും ഉള്ളവർക്കറിയാം: മരണത്തിന് മുമ്പ് കുറേക്കാലം ഭൂമിയിൽ ജീവിച്ചിരുന്നിട്ടുണ്ട്. അതിന് ശേഷം അല്ലാഹു നിശ്ചയിച്ചകാലം ഖബ്റുകളിൽ കഴിഞ്ഞുകൂടിയിട്ടുണ്ട്. അതെല്ലാം അല്ലാഹു രേഖപ്പെടുത്തിവെച്ചിട്ടുമുണ്ട് എന്നൊക്കെ. കിയാമത്ത്നാളിൽ എല്ലാവരും വീണ്ടും എഴുന്നേൽപിക്കപ്പെടുമെന്നും ഇഹത്തിൽവെച്ച് ഓരോരുത്തനും ചെയ്ത കർമങ്ങൾക്ക് അവനവൻ ഉത്തരവാദിയാകുമെന്നും അവർ വിശ്വസിക്കുകയും ചെയ്തിരുന്നു അതനുസരിച്ച് അവർ പ്രവർത്തിക്കുകയും ചെയ്തു. ഇതെല്ലാം അറിയാതെയും ഇതിൽ വിശ്വസിക്കാതെയും ഇരുന്നതുകൊണ്ടാണ് നിങ്ങൾക്ക് ഇപ്പോൾ ഇത്തരം അനുഭവങ്ങൾ നേരിടേണ്ടി വന്നത്. എന്നിങ്ങനെ അവർ കുറ്റവാളികളെ ഓർമിപ്പിക്കുകയാണ്. പക്ഷേ, എനി ഖേദിച്ചിട്ട് ഫലമില്ല. യാതൊരു വിധത്തിലുള്ള ഒഴിവുകഴിവും അവിടെ സ്വീകാര്യമല്ല. വന്നുപോയതിനെപ്പറ്റി ഖേദം പ്രകടിപ്പിച്ച് തൃപ്തിപ്പെടുത്തുവാനുള്ള അവസരവും അവിടെ ലഭിക്കുന്നതല്ല. സ്വന്തം കർമഫലം അനുഭവിച്ചുകൊള്ളുക മാത്രമേ എനി നിവൃത്തിയുള്ളൂ.

وَلَقَدْ ضَرَبْنَا لِلنَّاسِ فِي هَٰذَا الْقُرْآنِ مِنْ كُلِّ مَثَلٍ ۚ وَلَئِنْ جِئْتَهُمْ بِآيَةٍ لَيَقُولَنَّ الَّذِينَ كَفَرُوا إِنْ أَنْتُمْ إِلَّا مُبْطِلُونَ ﴿٥٨﴾

﴾58﴿ തീർച്ചയായും, മനുഷ്യർക്കു വേണ്ടി ഈ ക്വുർആനിൽ എല്ലാ (വിധ) ഉപമയും നാം വിവരിച്ചിട്ടുണ്ട്. അവരുടെ അടുക്കൽ നീ വല്ല ദൃഷ്ടാന്തവുമായി ചെന്നാൽ (ആ) അവിശ്വസിച്ചവർ നിശ്ചയമായും പറയും: 'നിങ്ങൾ വ്യർഥവാദികളല്ലാതെ മറ്റൊന്നും അല്ല' എന്ന്!

كَذَٰلِكَ يَطْبَعُ اللَّهُ عَلَىٰ قُلُوبِ الَّذِينَ لَا يَعْلَمُونَ ﴿٥٩﴾

﴾59﴿ അപ്രകാരം, യാഥാർഥ്യം അറിയാത്തവരുടെ ഹൃദയങ്ങളിൽ അല്ലാഹു മുദ്രവെക്കുന്നു.

فَٱصْبِرْ إِنَّ وَعْدَ ٱللَّهِ حَقٌّ ۖ وَلَا يَسْتَخِفَّنَّكَ ٱلَّذِينَ لَا يُوقِنُونَ ﴿٦٠﴾

﴾60﴿ ആകയാൽ (നബിയേ) ക്ഷമി ച്ചുകൊള്ളുക. നിശ്ചയമായും, അല്ലാഹു വിന്റെ വാഗ്ദാനം യാഥാർ ഥ്യമാ കുന്നു. (വിശ്വാസം) ഉറപ്പിക്കാത്ത ആളുകൾ നിശ്ചയമായും (നിന്റെ സ്ഥൈര്യം-നശിപ്പിച്ച്) നിനക്ക് ചാഞ്ചല്യം വരുത്താതെയുമിരിക്കട്ടെ!

﴾58﴿ وَلَقَدْ ضَرَبْنَا തീർച്ചയായും നാം വിവരിച്ചിട്ടുണ്ട് لِلنَّاسِ മനുഷ്യർക്ക് فِي هَٰذَا الْقُرْآنِ ഈ ക്വുർആനിൽ مِن كُلِّ مَثَلٍ എല്ലാ(വിധ) ഉപമയും, ഉപമയിൽ നിന്നും وَلَئِن جِئْتَهُم നീ അവരുടെ അടുക്കൽ ചെന്നുവെങ്കിൽ بِآيَةٍ വല്ല ദൃഷ്ടാന്തവുമായി لَيَقُولَنَّ നിശ്ചയമായും പറയും الَّذِينَ كَفَرُوا അവിശ്വസിച്ചവർ إِنْ أَنتُمْ നിങ്ങൾ അല്ല إِلَّا مُبْطِلُونَ വ്യർഥവാദികളല്ലാതെ, വേണ്ടാവൃത്തിക്കാരല്ലാതെ ﴾59﴿ كَذَٰلِكَ അപ്രകാരം يَطْبَعُ اللَّهُ അല്ലാഹു മുദ്രവെക്കും عَلَىٰ قُلُوبِ ഹൃദയങ്ങളിൽ الَّذِينَ لَا يَعْلَمُونَ അറിയാത്തവരുടെ ﴾60﴿ فَاصْبِرْ ആകയാൽ ക്ഷമി ക്കുക, സഹിക്കുക إِنَّ وَعْدَ اللَّهِ നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം حَقٌّ യഥാർഥ മാണ്,സത്യമാണ് وَلَا يَسْتَخِفَّنَّكَ നിന്നെ നിസ്സാരമാക്കാതെ (ചാഞ്ചല്യം വരുത്താതെ, ലഘു വായി ഗണിക്കാതെ)യുമിരിക്കട്ടെ الَّذِينَ لَا يُوقِنُونَ ദൃഢവിശ്വാസം കൊള്ളാത്തവർ.

'അറിയാത്തവർ' (الَّذِينَ لَا يَعْلَمُونَ) എന്ന് പറഞ്ഞത്-ഇമാം ബൈളാവി (റ) ചൂണ്ടിക്കാണിച്ചതുപോലെ -സത്യം അറിയുവാൻ ഒട്ടും ശ്രമം നടത്താതെ കേട്ടുകേൾവികളെയും, പാരമ്പര്യ വിശ്വാസങ്ങളെയും മാത്രം മുറുകെ പിടിച്ചുകൊണ്ടിരിക്കുന്ന മൂഢ ജനങ്ങളെക്കുറിച്ചാകുന്നു. ഇങ്ങിനെയുള്ള മർക്കടമുഷ്ടിക്കാരുടെ ഹൃദയത്തിലേക്ക് സത്യത്തിന്റെ വെളിച്ചം പ്രവേശിക്കുവാൻ മാർഗമില്ലല്ലോ.

അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ദൃഢമായി വിശ്വാസം ഉറപ്പിച്ചുകൊണ്ട് ക്ഷമയോടും, സ്ഥിരചിത്തതയോടുംകൂടി ഇരുന്നുകൊള്ളണമെന്നും, ദൃഷ്ടാന്തങ്ങൾ കണ്ടിട്ടും ഉപദേശങ്ങൾ കേട്ടിട്ടും കാര്യബോധം വരാത്തവണ്ണം ഹൃദയം മരവിച്ചുപോയിട്ടുള്ള ആ ജനതയുടെ ചെയ്തികൾ നിമിത്തം ഒട്ടും ഹൃദയചാഞ്ചല്യമോ, അസ്വാസ്ഥ്യമോ ഉണ്ടാവരുതെന്നും നബി ﷺ തിരുമേനിയെ ഉപദേശിക്കുന്നതാണ് അവസാനത്തെ വചനം. അല്ലാഹു നമ്മെ എല്ലാവരെയും ക്ഷമയും സ്ഥിരചിത്തതയുമുള്ള സത്യവിശ്വാസികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തട്ടെ - ആമീൻ.

والحمد لله اوّلا وآخرا– وله المنة والفضل